# ബഥനി ശബ്ദം


## Ordination Jul-Oct 2024




Bp. Thomas Mar Anthonios OIC

**Golden Jubilee Greetings**

Ipsum




Fr. Varghese Thoppil OIC




Fr. Bony K. Alex Thodathil OIC




Fr. David Philip Kariyadiyil OIC

**Silver Jubilee Greetings**




Fr. Daniel Thomas Mannil OIC




Fr. Sajan Thomas Kottackattuvila OIC

## The Silver Jubilee logo of Bethany Navajeevan Province

The Silver Jubilee logo of Bethany Navajeevan Province is a rich tapestry of symbolism and meaning. Central to the logo is the image of Venerable Archbishop Mar Ivanios OIC, our revered founder, set against the backdrop of the Mundanmala hills. This backdrop symbolizes the inspiration he drew from the life of Jesus Christ, leading him to establish a congregation rooted in oriental monastic values and Indian sanyasa.

The logo also features the image of Jesus Christ, representing the divine guidance and mission to proclaim the gospel worldwide. A group of people in the logo signifies our renewed community, embodying the spirit of unity and growth. The sandals of a sanyasi highlight the ascetic path and commitment to spiritual discipline. Lastly, the globe in the background underscores our mission to spread the message of Christ across the world.

The theme of our silver jubilee, "Rooted in Charism and Renewed in Spirit," reflects our commitment to staying true to our foundational values while continually seeking spiritual renewal and growth.

# BETHANY SABDAM

134

July - October 2024

**Editorial Board**

Fr. Jobin Kuriakose OIC (Chief Editor)

Fr. Thomas Prasobh Kolliyelil OIC

Fr. Thomas Pramod Palavilayil OIC

Fr. Ebin Thomas Panicker OIC

Fr. Mathew Praful Palanilkunnathil OIC

**Printed at**

Bethany Press, Kottayam - 686010
Ph: 0481 - 2571355
e-mail: bethanyktm@gmail.com

**Published from**

Bethany Ashram Generalate
P.B.No. 06, Vadavathoor P.O.,
Kottayam - 686 010, KERALA

Ph : 0481 - 2578494
(Monday - Saturday from 9.30 AM to 5.00 PM)
web : www.bethanyashram.net
e-mail : oic.infonews@gmail.com

*for Private Circulation Only*

# ഉൾത്താളുകളിൽ


**എഡിറ്റോറിയൽ** 3
ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.

**സന്ന്യാസത്തിന്റെ നിർമ്മലമായ സാക്ഷ്യത്തിലേക്ക്** 5
ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.

**ജൂബിലി – തിരഞ്ഞെടുപ്പിന്റെ തിരിഞ്ഞുനോട്ടം** 9
ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി

**ബഥനിയിലെ മുത്തുകൾ** 10
ഫാ. സിറിൽ ആനന്ദ് ഒ.ഐ.സി.

**തീഷ്ണവാനായ ആന്റണി അച്ചൻ** 14
ഫാ. തോമസ് മനോജ് ഓടാലിൽ ഒ.ഐ.സി

**കഠിനാധ്വാനത്തിന്റെ പ്രതീകം – തോപ്പിൽ അച്ചൻ** 16
ഫാ. എബ്രഹാം പ്രസാദ് ചിറയിൽ ഒ.ഐ.സി.

**ശാന്തതയോടെ നിത്യതയിൽ കമീലസ് ബ്രദർ** 17
ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.

**നിഷ്കളങ്കനും നിർമ്മലനുമായ കമീലസ് ബ്രദർ** 19
ഫാ. ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി.

**കഠിനാദ്ധ്വാനത്തിന്റെയും അനുകമ്പയുടെയും പര്യായമായ ബോണി അച്ചൻ** 21
ഫാ. ജോൺ ക്രിസ്റ്റഫർ ഒ.ഐ.സി.

**നിഷ്കളങ്കനായ ബഥാനിയൻ – ഡേവിഡ് അച്ചൻ** 22
ഫാ. ജോൺ ആലുവിള ഒ.ഐ.സി.

**A Faithful Journey: Celebrating 25 Years On Fr. Sajan Thomas OIC** 25
Fr. Thomas George Kochuvadakkel OIC

**Celebrating 25 Years of Dedication: On Fr. Daniel Mannil OIC** 27
Fr. George Thomas Punnamangalam OIC

**പ്രാർത്ഥനയോടെ, നന്ദിയോടെ** 29
ഫാ. ബോണി കെ.അലക്സ് ഒ.ഐ.സി.

**നിറമനസ്സോടും നന്ദിയോടും** 31
ഫാ. ഡേവിഡ് ഫിലിപ്പ് ഒ.ഐ.സി.

**നന്ദിയല്ലാതെന്തുചൊല്ലും ഞാൻ...** 32
ഫാ. ഡാനിയേൽ മണ്ണിൽ ഒ.ഐ.സി.

**നന്ദി – വഴി നടത്തിപ്പിനും വഴി കാട്ടലിനും** 33
ഫാ. സാജൻ തോമസ് ഒ.ഐ.സി.

**ചില ഓർമ്മപ്പെടുത്തലുകൾ** 34
ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി

# എഡിറ്റോറിയൽ

ബഥനിശബ്ദത്തിന്റെ ജൂലൈ, ഒക്ടോബർ ലക്കം കുടുംബസമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുകയാണ്. വ്രതവാഗ്ദാനത്തിന്റെ സുവർണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന ബഥാന്യരെയും, നമ്മിൽനിന്നു വേർപിരിഞ്ഞുപോയ കമീലസ് ബ്രദറിനെയും ഈ ബഥനിശബ്ദത്തിൽ അനുസ്മരിക്കുന്നു.

**ലാളിത്യത്തിന്റെയും പ്രാർത്ഥനയുടെയും പര്യായമായ കമീലസ് ബ്രദർ**

ബഹു.കമീലസ് ബ്രദർ 1933-ൽ ജനിച്ച് 1985-ൽ ബഥനി ആശ്രമത്തിൽ പ്രവേശിച്ച് 1958-ൽ ആദ്യവ്രതവാഗ്ദാനവും, 1963-ൽ നിത്യവ്രതവാഗ്ദാനവും നടത്തി സമൂഹത്തിന്റെ പ്രധാന ശുശ്രൂഷകളിലേക്ക് പ്രവേശിച്ചു. കഠിനാദ്ധ്വാനത്തിന്റെ പര്യായമായിരുന്ന കമീലസ് ബ്രദർ ചുനക്കര, മുക്കംപാല, ചെമ്പത്തിവിള തുടങ്ങിയ ബഥനി എസ്റ്റേറ്റുകളിൽ തന്റെ കഠിനാദ്ധ്വാനംവഴി പൊന്നുവിളയിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സമൂഹത്തിന്റെ ഒരുതരി മണ്ണുപോലും പാഴാക്കാതെ ഫലപ്രദമായ രീതിയിൽ ഉപയോഗപ്രദമാക്കുവാൻ അദ്ദേഹമെന്നും പരിശ്രമിച്ചിരുന്നു.

വാർദ്ധക്യനാളുകളിൽ താൻ നാമംപേറിയ വി.കമീലസിനെപ്പോലെ ഒരിക്കലുമുണങ്ങാത്ത ഒരു വ്രണം അദ്ദേഹത്തിന്റെ കാലിൽ ഉണ്ടായി. ഒരു പ്ലാസ്റ്റിക് കവർ കാലിനു മുകളിൽ ചുറ്റി വടികുത്തി പറമ്പിലേക്ക് പോയി കൃഷിചെയ്ത കമീലസ് ബ്രദറിന്റെ ചിത്രം മായാതെ ഇന്നും മനസിൽ നിൽക്കുന്നു. ബഥനി നഗർ ആശ്രമത്തിൽ പരിശീലനത്തിലിരുന്ന വിദ്യാർത്ഥികൾക്ക് കമീലസ് ബ്രദർ എന്നും നല്ല മാതൃക മാത്രമേ വരച്ചുകാട്ടിയിരുന്നുള്ളു. എല്ലാ ദിവസവും അതിരാവിലെ ദേവാലയത്തിലേക്ക് പ്രവേശിക്കുകയും വി.കുർബാനയ്ക്കായി ഒരുക്കിവയ്ക്കുകയും ചെയ്തിരുന്നത് കമീലസ് ബ്രദറായിരുന്നു. എല്ലാ ദിവസവും പാതിരാത്രി വരെ ദേവാലയത്തിൽ പ്രാർത്ഥനാ നിരതനായിരുന്ന് ദേവാലയം പൂട്ടി അവസാനം ഇറങ്ങിയിരുന്നത് കമീലസ് ബ്രദർ തന്നെ.

സ്വന്തമായി ഒന്നുംതന്നെ ഇല്ലാത്ത ലാളിത്യത്തിന്റെ ഏറ്റവും നല്ല മാതൃകയായിരുന്നു കമീലസ് ബ്രദർ. തന്റെ പ്രാർത്ഥനവഴി ദൈവസമ്പാദനം നടത്തുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. ഈ സാധുസന്ന്യാസി നമ്മിൽനിന്നും വേർപിരിഞ്ഞു പോകുമ്പോൾ സന്ന്യാസത്തിന്റെ നല്ല മാതൃക മാത്രം ബഥനിക്ക് നൽകിയാണ് കടന്നുപോകുന്നത്. വരുംതലമുറ കമീലസ് ബ്രദറിന്റെ മാതൃക പിന്തുടരട്ടെ. കമീലസ് ബ്രദറിന്റെ ആത്മാവിന് ആത്മശാന്തി നേർന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ജൂബിലേറിയൻസ്**

1955-ൽ അടൂരിൽ ജനിച്ച് 1971-ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ സന്ന്യാസ പരിശീലനം ആരംഭിച്ച് 1980-ൽ വൈദികനായി അഭിഷിക്തനായി പൂനാ, ആലുവ, ഗിരിദീപം ആശ്രമങ്ങളിൽ സേവനം ചെയ്ത് റോമിൽനിന്നും കാനൻനിയമത്തിൽ ഡോക്ടറേറ്റ് നേടി പൂനാ ആശ്രമ

റെക്ടറായി കൂരിയായിൽ പോസ്റ്റുലേറ്ററായും പിന്നീട് മെത്രാനായി ഉയർത്തപ്പെടുകയും ചെയ്ത തോമസ് മാർ അന്തോണിയോസ് പിതാവ് ജനഹൃദയങ്ങളിൽ വസിക്കുന്ന ഇടയനാണ്. ദൈവം ധാരാളം കാര്യങ്ങൾ അങ്ങയുടെ കരങ്ങളിലൂടെ സഭയ്ക്കും സമൂഹത്തിനും നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

1951-ൽ കുട്ടംപേരൂരിൽ ജനിച്ച് 1971-ൽ തിരുവല്ലാ ആശ്രമത്തിൽ സന്ന്യാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ച് 1980-ൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ട ബഹു.വർഗീസ് തോപ്പിൽ അച്ചൻ ബഥനി ആശ്രമത്തിലെ ശുശ്രൂഷകൾ സ്തുത്യർഹമായി നിർവഹിച്ച് ദീർഘകാലം ജർമനിയിലെ ഹൗസ്ബുർഗ് രൂപതയിൽ ശുശ്രൂഷ ചെയ്ത് 2014-ൽ കേരളത്തിലേക്ക് മടങ്ങി വരികയും ബഥനിയിലൂടെ ശുശ്രൂഷയിൽ വ്യാപൃതനാവുകയും ചെയ്യുന്നു. കഠിനാധ്വാനത്തിന്റെയും തീക്ഷ്ണതയുടെയും മൂല്യങ്ങളെ മുറുകെ പിടിക്കുന്ന തോപ്പിൽ അച്ചന് സുവർണജൂബിലി മംഗളങ്ങൾ.

1995-ൽ തിരുവല്ലാ ആശ്രമത്തിൽ സന്ന്യാസർത്ഥിയായി ചേർന്നവരാണ് ബഹു.ബോണി അച്ചനും ബഹു.ഡേവിഡ് അച്ചനും. നൂജിബാൽത്തില, അശോകപുരം, നാലാഞ്ചിറ, പൂനെ മുതലായ സ്ഥലങ്ങളിൽ സന്ന്യാസ വൈദിക പരിശീലനം പൂർത്തിയാക്കി 2008-ൽ വൈദികരായി അഭിഷിക്തരായി. ബഹു. ഡാനിയേൽ അച്ചനും, ബഹു.സാജനച്ചനും 1997-ൽ തിരുവല്ലാ ബഥനി ആശ്രമത്തിൽ സന്ന്യാസർത്ഥിയായി പ്രവേശിച്ച് നാലാഞ്ചിറ, പൂനെ മുതലായ സ്ഥലങ്ങളിൽ സന്ന്യാസ വൈദിക പരിശീലനം പൂർത്തിയാക്കി 2008-ൽ വൈദികരായി അഭിഷിക്തരായി.

1999-ൽ വ്രതവാഗ്ദാനം നടത്തി 25 വർഷങ്ങൾ സമൂഹത്തിന്റെ പല സ്ഥലങ്ങളിലുമായിരുന്ന് ബഥാന്യൻ വ്യക്തിത്വത്തിന്റെയും ചൈതന്യത്തിന്റെയും പ്രഭ തൂകി അനേകം പേർക്ക് ക്രിസ്തുവിനെ പകർന്നുകൊടുക്കുവാൻ സാധിച്ച ഈ നാല് ബഥാന്യർക്കും രജത ജൂബിലിയുടെ മംഗളങ്ങൾ പ്രാർത്ഥനയോടെ നേരുന്നു.

സ്നേഹത്തോടെ
**ഫാ. ജോബിൻ കുര്യാക്കോസ് ഒ.ഐ.സി.**

# സന്ന്യാസത്തിന്റെ നിർമ്മലമായ സാക്ഷ്യത്തിലേക്ക്

**ഫാ. ഗീവർഗ്ഗീസ് കുറ്റിയിൽ ഒ.ഐ.സി.**
സുപ്പീര്യർ ജനറൽ

നമ്മുടെ സമൂഹസ്ഥാപകൻ ധന്യൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളും (ജൂലൈ 15), ബഥനി വിശുദ്ധരുടെ തിരുന്നാളും (ജൂലൈ 29), ബഥനി സ്ഥാപക ദിനവും (ഓഗസ്റ്റ് 15), പുനരൈക്യവാർഷികവും (സെപ്റ്റംബർ 20) നമ്മൾ ആത്മീയമായ ഒരുക്കത്തോടെ പ്രാർത്ഥനാപൂർവ്വം ആഘോഷിച്ചു. നമ്മുടെ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഏറ്റം പ്രാധാന്യമേറിയ ഈ ദിവസങ്ങൾ, പരിശുദ്ധാത്മാവിലൂടെ നമുക്ക് വെളിപ്പെടുത്തി കിട്ടിയ ദൈവികനിയോഗങ്ങളിലേക്ക് നമ്മെ കൂടുതൽ ചേർത്തുനിർത്തുന്നതിനും വിശുദ്ധീകരിക്കുന്നതിനും മുമ്പോട്ടുള്ള നമ്മുടെ പ്രയാണത്തെയും നിയോഗങ്ങളെയും കൂടുതൽ തീക്ഷ്ണമാക്കുന്നതിനുമുള്ള അവസരമാണ് ഒരുക്കിയത്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മത്തിരുനാളിനോടു ചേർന്ന് നടത്തിയ പദയാത്രയിലും, ജൂലൈ 14-ാം തീയതി ബഥനി ആശ്രമസ്ഥരും മലങ്കര സഭയിലെ സന്ന്യസ്തരും ഒന്നുചേർന്ന് അർപ്പിച്ച വി.കുർബാനയിലും, ഓർമ്മത്തിരുനാൾ ദിനമായ ജൂലൈ 15-ാം തീയതി മലങ്കര സുറിയാനി കത്തോലിക്കാ സഭാ കൂട്ടായ്മ ഒന്നുചേർന്ന് അർപ്പിച്ച ആഘോഷമായ വി.കുർബാനയിലും, അനുസ്മരണശുശ്രൂഷയിലും വളരെയേറെ സമൂഹാംഗങ്ങളുടെ സജീവമായ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ബഥനിയുടെ കൂട്ടായ്മയുടെയും അതോടൊപ്പം സഭാത്മക കാഴ്ചപ്പാടിന്റെയും അടയാളങ്ങളായി ഇതിനെ നമുക്ക് കാണുവാൻ സാധിക്കും.

വയനാട് ജില്ലയിലുണ്ടായ പ്രകൃതിക്ഷോഭം ഒരു ഭൂപ്രദേശത്തിന്റെ മുഴുവൻ താളം തെറ്റിച്ചു. എല്ലാം നഷ്ടപ്പെട്ട ജീവിതങ്ങളുടെ താളം വീണ്ടെടുക്കുവാൻ ഇനിയും കാലങ്ങളേറെ വേണ്ടിവരും. വർഗ്ഗീയതയുടെയും വിഭാഗീയതയുടെയുമൊക്കെ ആരവം അതിന്റെ ഉച്ചസ്ഥായിയിൽ എത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യമനസ്സുകൾ കൂടുതൽ ആർദ്രമാകുവാനും നൊമ്പരപ്പെട്ടവരെ ചേർത്തുനിർത്തുവാനും കാണിക്കുന്ന കേരളത്തിന്റെ മനസ്സ് ദുരന്തമുഖത്ത് മാത്രമല്ല, എന്നും നിലനിൽക്കുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

**ബഹു.ബ്രദർ കമീലസ് കടിയംകുന്നിൽ ഒ.ഐ.സി.**

ജീവിതത്തിലുടനീളം കർമനിരതനായും നിയോഗിക്കപ്പെട്ട ആശ്രമങ്ങളിലെല്ലാം സുദീർഘമായ വർഷങ്ങൾ ആത്മസമർപ്പണം നടത്തിയും സന്ന്യാസത്തിന്റെ ശ്രേഷ്ഠമായ മാതൃക നൽകിയുമാണ് തന്റെ 91-ാം (2024, മേയ് 15) വയസ്സിൽ ദൈവം ഒരുക്കിയ വാസസ്ഥലത്തേക്ക് ബ്രദർ കമീലസ് യാത്രയായത്. തന്റെ മരണവിനാഴികവരെ എന്നും ജീവിതത്തെ ഒരു ചെറുപുഞ്ചിരിയിൽ ഒതുക്കുവാൻ ബ്രദറിന് സാധിച്ചത് തന്റെ സന്ന്യാസജീവിതത്തിൽ ബ്രദർ അനുഭവിച്ച സന്തോഷത്തിന്റെ അടയാളമായി നമുക്ക് കാണുവാൻ സാധിക്കും. നിഷ്ഠ തെറ്റാതെയുള്ള ജീവിതക്രമത്തിന്റെ ഉടമയായിരുന്നു ബ്രദർ കമീലസ്. മുണ്ടൻമലയിൽ മാർ ഈവാനിയോസ് പിതാവിനോട് ചേർന്നുണ്ടായിരുന്ന ആശ്രമാംഗങ്ങളെ 'സാധുക്കൾ' എന്നാണ് വിളിച്ചിരുന്നത്. പേരുപോലെ തന്നെയായിരുന്നു അവരുടെ ജീവിതവും. അവരെല്ലാവരും

ഒന്നുമില്ലായ്മയിൽ ജീവിച്ചവരായിരുന്നു. സ്വന്തമായി ഒന്നും കരുതിവച്ചില്ല. അതുകൊണ്ടു തന്നെയാണല്ലോ 'മുണ്ടൻമല ഇറക്കം' അവർക്ക് എളുപ്പമായതും. ഒന്നുമില്ലായ്മയിൽ 'എല്ലാം ദൈവം നോക്കി കൊള്ളും' എന്നു പറയുവാനുള്ള വിശ്വാസകരുത്തായിരുന്നു അവരുടെ സമ്പാദ്യം.

ബ്രദർ കമീലസും എന്നും 'സാധു'വായി തന്നെ ജീവിച്ചു. എല്ലാം വാങ്ങിക്കൂട്ടുന്ന; എത്ര കിട്ടിയാലും മതിവരാത്ത, ആർത്തിപൂണ്ട ഒരു സംസ്കാരത്തിൽ ഏറ്റവും 'minimum'ത്തിൽ ജീവിക്കുവാൻ ബ്രദറിനു സാധിച്ചു. ഇന്ന് നമ്മൾ അംഗങ്ങളായിരിക്കുന്ന ആശ്രമങ്ങളിൽ ചിലവുകൂടുന്നു എന്ന പരാതി ഉയർന്നു വരുമ്പോൾ നമുക്കൊക്കെ പറയുവാനും കാണുവാനുമൊക്കെയുള്ള ഒരു Reference point ആയിട്ടുള്ള ബ്രദറിനെപ്പോലെയുള്ളവരുടെ മാതൃകകൾ അന്യം നിന്നുപോകുന്നു എന്നുള്ളത് നമ്മെയൊക്കെ നൊമ്പരപ്പെടുത്തുന്നു. ഈ ലോകത്തിന്റെ ദൃഷ്ടിയിൽ ശ്രേഷ്ഠമെന്ന് കരുതുന്നതിനെയൊന്നും ജീവിതത്തോടു ചേർത്തുവയ്ക്കാതെ സന്ന്യാസത്തിന്റെ അലങ്കാരങ്ങളായ ലാളിത്യവും പ്രാർത്ഥനയും നിഷ്ഠാജീവിതവും അദ്ധ്വാനവുംകൊണ്ട് തന്റെ സന്ന്യാസജീവിതത്തെ അലങ്കരിച്ച വന്ദ്യ സാധു കമ്മീലസ് ബ്രദറേ, സമാധാനത്താലെ പോകുക.

**ജൂബിലേറിയൻസ്**

നമ്മുടെ സമൂഹാംഗങ്ങളായ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവും, ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചനും സന്ന്യാസവ്രതത്തിന്റെ അമ്പതു വർഷങ്ങൾ പൂർത്തിയാക്കി സുവർണ്ണജൂബിലിയും നമ്മുടെ സമൂഹത്തിലെ നാലു വൈദിക സഹോദരങ്ങൾ - ഫാ. ബോണി കെ.അലക്സ് തൊടത്തിൽ ഒ.ഐ.സി., ഫാ. ഡേവിഡ് ഫിലിപ്പ് കാരിയാടിയിൽ ഒ.ഐ.സി., ഫാ. ഡാനിയേൽ തോമസ് മണ്ണിൽ ഒ.ഐ.സി., ഫാ. സാജൻ തോമസ് കൊട്ടക്കാട്ടുവിള ഒ.ഐ.സി. - സന്ന്യാസ വ്രതത്തിന്റെ രജതജൂബിലിയും ആഘോഷിക്കുകയാണ്. ജൂബിലേറിയൻസായ ഈ സമൂഹാംഗങ്ങളെല്ലാവരും ഏല്പിക്കപ്പെട്ട വ്യത്യസ്തങ്ങളായ ശുശ്രൂഷകളിൽ ആത്മസമർപ്പണം നടത്തി സന്ന്യാസത്തിന്റെ സാക്ഷ്യം നൽകി മുന്നേറുന്നവരാണ്.

സന്ന്യാസത്തിന്റെ സമൂർത്തമായ സാക്ഷ്യം നൽകിക്കൊണ്ടാണ് അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവ് തന്റെ മേൽപ്പട്ട ശുശ്രൂഷ നിർവ്വഹിക്കുന്നത്. ബഥനിയിൽ പരിശീലനരംഗത്ത് ആലുവ നൊവിഷ്യേറ്റ് ആശ്രമത്തിലും, പൂനാ സ്കൊളാസ്റ്റിക്കേറ്റിലും റെക്ടറായും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പൂനാ മേഖലയുടെ ചാപ്ലെയിനായും ബഥനി സമൂഹത്തിൽ ജനറൽ കൗൺസിലറായും മലങ്കര കത്തോലിക്കാ സഭയുടെ ചാൻസലറായും, കൂരിയാ മെത്രാപ്പോലീത്തയായും, പൂനാ-കട്കി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയും ഇപ്പോൾ ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായും സഭ ഏൽപ്പിച്ചിരിക്കുന്ന എല്ലാ നിയോഗങ്ങളെയും സന്ന്യാസചൈതന്യത്തോടു ചേർത്തുവച്ച് ഏറെ വിശ്വസ്തതയോടെ വന്ദ്യ പിതാവ് നിർവ്വഹിക്കുന്നു.

ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചൻ ഏറെ വ്യത്യസ്തതകളോടെയാണ് ബഥനിയിൽ തന്റെ സന്ന്യാസപൗരോഹിത്യവിളിക്ക് സാക്ഷ്യം നൽകുന്നത്. കൃത്യനിഷ്ഠയും കഠിനാദ്ധ്വാനവും അച്ചന്റെ ജീവിതത്തിന്റെ പ്രത്യേക അടയാളങ്ങളാണ്. അജപാലന ശുശ്രൂഷ വേദിയിലും പ്രത്യേകിച്ച് ജർമ്മനിയിൽ ഏകദേശം ഇരുപത്തഞ്ചോളം വർഷങ്ങൾ വിവിധ ഇടവകകളിലായി

നടത്തിയ അജപാലന ശുശ്രൂഷയും, അച്ചൻ പ്രവർത്തിച്ചിട്ടുള്ള വിദ്യാഭ്യാസമേഖലയിലുമെല്ലാം സന്ന്യാസത്തിന്റെ നിഷ്ഠകളിൽ നിന്നുകൊണ്ടുള്ള ജീവിതസാക്ഷ്യമാണ് ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചൻ നൽകിയിട്ടുള്ളത്. ആരവങ്ങളില്ലാതെ ഏറ്റം ശാന്തമായി ജീവിക്കുന്ന സന്ന്യാസത്തിന്റെ മുഖം അച്ചനിൽ വളരെ പ്രകടമാണ്.

ബഹു. ബോണി കെ.അലക്സച്ചൻ ശുശ്രൂഷ ചെയ്ത മേഖലകളിലെല്ലാം പ്രത്യേകിച്ച് ഇടവകകളിൽ അച്ചൻ നടത്തിയിട്ടുള്ള അജപാലന ശുശ്രൂഷകൾ എപ്പോഴും എല്ലാവരുടെയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റുന്നതിന് ഇടയായിട്ടുണ്ട്. അച്ചൻ വികാരിയായി ശുശ്രൂഷ ചെയ്തിട്ടുള്ള ഇടവകകളെ എപ്പോഴും സജീവമാക്കി നിർത്തുന്നതിന് ബോണി അച്ചൻ ഏറ്റെടുക്കുന്ന പരിശ്രമങ്ങളുടെ വ്യതിരിക്തത ശ്രദ്ധിക്കപ്പെടുന്നതാണ്. എല്ലാവരോടും ഏതു സാഹചര്യത്തിലും ഊഷ്മളമായ ഒരു ബന്ധം നിലനിർത്തുന്നതിനും അച്ചൻ അംഗമായിരിക്കുന്ന ആശ്രമത്തെ കൂടുതൽ സന്തോഷഭരിതമാക്കുന്നതിനും അച്ചന് സാധിക്കുന്നത് ബോണി അച്ചനിലുള്ള ഒരു വലിയ നന്മയും ദൈവാനുഗ്രഹവുമായി കാണുന്നു.

ബഹു.ഡേവിഡ് ഫിലിപ്പ് അച്ചൻ ഇപ്പോൾ ജർമ്മനിയിൽ അജപാലന ശുശ്രൂഷ നടത്തിവരുന്നു. പലപ്പോഴും ശാന്തമായി കാര്യങ്ങളെ വിലയിരുത്തുകയും പ്രതികരിക്കുകയും ചെയ്യുന്ന ഡേവിഡ് അച്ചന് എല്ലാ കാര്യങ്ങളെപ്പറ്റിയും കൃത്യമായ അറിവ് ഉണ്ടെന്നുള്ളത് എടുത്തു പറയേണ്ടതാണ്. വ്യക്തിപരമായ പങ്കുവയ്ക്കലിലൂടെ അച്ചൻ ആർജ്ജിച്ചെടുത്തിട്ടുള്ളതായ ഈ അറിവ് മറ്റുള്ളവരിലേക്ക് പകരുന്നത് ശ്രദ്ധിക്കുവാനിടയായിട്ടുണ്ട്. MSW പഠനത്തിലൂടെ സാമൂഹികസേവന രംഗത്ത് പ്രവർത്തിക്കുവാനുള്ള അറിവും പരിചയവും അച്ചൻ നേടിയത് സാമൂഹിക പ്രതിബദ്ധതയിൽ ജീവിക്കുന്നതിന് അച്ചനെ സഹായിക്കുന്നുണ്ട്.

ബഹു.ഡാനിയേൽ മണ്ണിൽ അച്ചൻ ബഥനിയുടെ എത്യോപ്യൻ മിഷനിലെ മുന്നണിപോരാളിയായി ശുശ്രൂഷ ചെയ്യുകയും ഏറെ ത്യാഗങ്ങളേറ്റെടുക്കുകയും ചെയ്തത് നന്ദിയോടെ ഓർക്കുന്നു. എത്യോപ്യയിലെ ശുശ്രൂഷകൾക്കുശേഷം നാട്ടിലേക്ക് തിരിച്ചുവന്ന അച്ചൻ ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും പ്രോവിൻസിന്റെ പൊതുവായ ശുശ്രൂഷയിൽ ശ്രദ്ധേയമായ പങ്കു വഹിക്കുകയും ചെയ്തു. കൂടാതെ പ്രോവിൻസിലെ വിവിധ വിദ്യാഭ്യാസസ്ഥാപനങ്ങളോടു ചേർന്ന് പ്രിയപ്പെട്ട അച്ചൻ ചെയ്യുന്ന ശുശ്രൂഷകൾ കലാലയങ്ങളെ വളർച്ചയിലേക്കും പുരോഗതിയിലേക്കും നയിക്കുന്നവയാണ്.

ബഹു.സാജൻ തോമസ് അച്ചനെ ഉപരിപഠനത്തിനായി ബഥനി സമൂഹം ലുവെയ്നിലേക്ക് അയയ്ക്കുകയും, വ്യക്തിപരമായ ചില കാരണങ്ങളാൽ ഡോക്ടറേറ്റ് പൂർത്തിയാക്കുവാൻ സാധിക്കാതെ നാട്ടിൽ തിരിച്ചെത്തുകയും ചെയ്ത പ്രിയപ്പെട്ട അച്ചനെ ബഥനി നവജീവൻ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ പ്രൊക്യുറേറ്ററായി തെരഞ്ഞെടുത്തു. പ്രോവിൻസിന്റെ സാമ്പത്തിക അച്ചടക്കത്തിൽ, അച്ചൻ നടത്തിവരുന്ന ശുശ്രൂഷകൾക്ക് പ്രോവിൻസ് ഒരു രണ്ടാമൂഴം നല്കി അച്ചന്റെ ത്യാഗത്തെയും സമൂഹത്തോടുള്ള പ്രതിബദ്ധതയെയും അംഗീകരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തോടു ചേർന്നും ബഹുമാനപ്പെട്ട സാജനച്ചൻ പൂനാ ബഥനി വേദവിജ്ഞാനപീഠത്തിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്ക് ക്ലാസുകൾ എടുക്കുന്നതിനും അവരുടെ പരിശീലനപദ്ധതിയോട് ചേർന്നു നിൽക്കുന്നതിനും കാണിക്കുന്നതായ ശ്രദ്ധയും താല്പര്യവും എടുത്തുപറയേണ്ടതാണ്.

സന്ന്യാസ സമർപ്പണത്തിന്റെ ജൂബിലി ബാഹ്യമായ ആഘോഷങ്ങളുടെ കേളികൊട്ടല്ലാ എന്നുള്ളത് നമ്മൾ തിരിച്ചറിയുന്നു. സന്ന്യാസത്തിന്റെ നേർസാക്ഷ്യം സഭയ്ക്കും പൊതുസമൂഹത്തിനും നൽകുന്നതിന് ഈ സന്ന്യാസ സഹോദരങ്ങളിലൂടെ ദൈവം അവസരം ഒരുക്കി. തുടർന്നും ബഥനിയിലൂടെ സന്ന്യാസത്തിന്റെ നിർമ്മലമായ സാക്ഷ്യത്തെ വർദ്ധിതവീര്യത്തോടെ പങ്കുവയ്ക്കുന്നതിന് ജൂബിലേറിയൻസിന് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഥനിയുടെ ജൂബിലിമംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

ഈ കാലഘട്ടത്തോടുചേർന്ന് പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മുതിർന്ന തലമുറയിൽപ്പെട്ട നമ്മുടെ വൈദികശ്രേഷ്ഠരായ ബഹു.ഗ്രിഗോറിയോസ് കോയിക്കലേത്തച്ചനും, ബഹു.ജോൺ വിയാനി കൊറ്റിനാട്ട് അച്ചനും, ബഹു.ജെസ്റ്റിൻ തുണ്ടുമണ്ണിൽ അച്ചനും, ബഹു.ക്രിസോസ്റ്റോം കുളത്തിന്റെ മേലേതിൽ ഒ.ഐ.സി. അച്ചനും, ബഹു. ചാൾസ് ഞാറക്കുളത്ത് ഒ.ഐ.സി. അച്ചനും, ബഹു.പീറ്റർ കടമാൻകോട് ഒ.ഐ.സി. അച്ചനും, ബഹു.ഫിലിപ്പ് നേരി താന്നിക്കാക്കുഴി ഒ.ഐ.സി. അച്ചനും, ബഹു.ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി. അച്ചനും, ബഹു.മൈക്കിൾ വരിക്കോലിത്തറയിൽ ഒ.ഐ.സി. അച്ചനും, ബഹു.അഗസ്റ്റിൻ ചാമക്കാല ഒ.ഐ.സി. അച്ചനും ആശംസകളും പ്രാർത്ഥനകളും നേരുന്നു. ബഥനിയെ ഇന്നു കാണുന്ന ബഥനിയാക്കി തീർക്കുവാൻ സന്ന്യാസപൗരോഹിത്യത്തിന്റെ വലിയ സാക്ഷ്യം നൽകി നടന്നുനീങ്ങിയവരാണ് ഈ ശ്രേഷ്ഠവൈദികർ. ബഥനിയുടെ വറുതിയുടെ കാലഘട്ടത്തിൽ അവരെടുത്തുവച്ച പാദങ്ങളിലെ വിണ്ടുകീറലുകൾ ബഥനിക്ക് അനുഗ്രഹമായി തീർന്നു. വിശ്രമജീവിതത്തിലും സന്ന്യാസത്തിന്റെ നിഷ്ഠാക്രമത്തിന് കോട്ടംതട്ടാതെ ബഥനിയിലെ ഇളംതലമുറയിൽപെട്ടവർക്ക് പഠിക്കുവാനുള്ള പാഠപുസ്തകമായി അവരുടെയൊക്കെ ജീവിതം പ്രചോദനമായി കൂടെയുണ്ടാകുമ്പോൾ, അത് ബഥനിക്ക് ധൈര്യവും ബലവും നൽകുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ നമ്മെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: ''മുൻതലമുറയുമായി നിങ്ങൾ സജീവമായി സംഭാഷണത്തിലേർപ്പെടുക. സഹോദര നിർവിശേഷമായ കൂട്ടായ്മയിൽ അവരുടെ അനുഭവങ്ങളാലും വിവേകത്താലും നിങ്ങൾ സമ്പന്നരാക്കപ്പെടുകയും അവരുടെ ആദിമ ആദർശങ്ങൾ വീണ്ടും കൈവരിക്കുവാൻ നിങ്ങളുടെ ഊർജ്ജവും ഉത്സാഹവുംകൊണ്ട് നിങ്ങൾ അവരെ പ്രചോദിപ്പിക്കുകയും ചെയ്യുക'' (ആനന്ദത്തിന്റെ സാക്ഷികൾ).

സന്ന്യാസത്തിന്റെ നിർമ്മലമായ സാക്ഷ്യത്തെ ഈ കാലഘട്ടത്തോടു ചേർന്നു നൽകുവാൻ എല്ലാ സമൂഹാംഗങ്ങളെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുകയും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

"ബഥനിമെത്രാന്റെ ഇടവക
എത്രയും ചെറുതായ ഒരു ഇടവകയാണെന്ന് വരികിലും
ബഥനിയുടെ ആദർശം വലുതാണ്"

(മാർ ഈവാനിയോസ്)

# ജൂബിലി - തിരഞ്ഞെടുപ്പിന്റെ തിരിഞ്ഞുനോട്ടം

**ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി**
ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ

വ്രതവാഗ്ദാനജൂബിലി ബഹു. തോപ്പിലച്ചനും, ബഹു. അന്തോണിയോസ് പിതാവും ആഘോഷിക്കുമ്പോൾ; ഇരുവരുടേയും ജീവിതതിരഞ്ഞെടുപ്പിന്റെ തിരിഞ്ഞുനോട്ടമാണ് ജൂബിലിവർഷം ആവശ്യപ്പെടുക. നന്മയായതിനെ കൂടുതൽ ഊട്ടിയുറപ്പിക്കാനും, ചെത്തിമിനുക്കപ്പെടേണ്ടവയെ വീണ്ടും പാകപ്പെടുത്തുവാനുമുള്ള വിളി ജൂബിലി നൽകുന്നു. ഇവരോടുചേർന്ന് സങ്കീർത്തകൻ പ്രാർത്ഥിക്കുന്നതുപോലെ നമുക്ക് ദൈവത്തിന് നന്ദി പറയാം. "എനിക്കു ചെയ്തിട്ടുള്ള സകല ഉപകാരങ്ങൾക്കും പകരമായി കർത്താവിനു ഞാൻ എന്തു നൽകും? രക്ഷയുടെ പാനപാത്രമെടുത്ത് കർത്താവിന്റെ നാമം ഞാൻ വിളിച്ചപേക്ഷിക്കും. സകല ജനത്തിന്റെയും മുമ്പാകെ കർത്താവിന് എന്റെ നേർച്ചകൾ ഞാൻ അർപ്പിക്കും."

| | |
|---|---|
| തോപ്പിലച്ചൻ | : അധ്യാനജീവിതത്തെയും പ്രാർത്ഥനാ ജീവിതത്തെയും ഒരുപോലെ കൊണ്ടുപോകുന്ന വ്യക്തി. ആശ്രമത്തിന്റെ ടൈംടേബിൾ യഥാവിധി പാലിക്കാൻ പരിശ്രമിക്കുന്ന വ്യക്തി. അങ്ങയുടെ ഈ ഗുണങ്ങൾ ഞങ്ങൾക്ക് മാതൃകയും പ്രചോദനവുമാണ്. |
| മാർ അന്തോണിയോസ് | : ആടുകളോടൊപ്പമായിരിക്കാൻ പരിശീലനകാലത്തും, പൗരോഹിത്യകാലത്തും, മഹാഇടയസ്ഥാനത്തിലും പരിശ്രമിക്കുന്ന വ്യക്തി. മിഷനറി ചൈതന്യം മനസിലും ജീവിതത്തിലും പ്രാവർത്തികമാക്കാൻ പരിശ്രമിക്കുന്ന വ്യക്തിത്വം. അങ്ങയുടെ ഈ ഗുണങ്ങൾ ഞങ്ങൾക്ക് മാതൃകയുമാണ്. |

തിരഞ്ഞെടുത്ത ജീവിതത്തെ തങ്ങളുടേതായ നന്മകളാൽ പരിപോഷിപ്പിക്കുമ്പോഴും വിളിയോട് വിശ്വസ്തതാപൂർവ്വം പ്രത്യുത്തരിക്കുമ്പോഴും മാത്രമെ തിരിഞ്ഞുനോട്ടം സാധ്യമാകൂ.

തിരഞ്ഞെടുപ്പിലെ തിരിഞ്ഞുനോട്ടം നല്ലതാണ്. കാരണം,

- കൂടുതൽ ഫലം പുറപ്പെടുവിക്കാൻ...
- തായ്തണ്ടിനോടു ചേർന്നുനിൽക്കാൻ...
- നല്ല ഫലം കായ്ക്കുവാൻ...
- ഉണങ്ങിപ്പോകാതിരിക്കാൻ...

ജൂബിലി ആശംസകൾ...

# ബഥനിയിലെ മുത്തുകൾ

**ഫാ. സിറിൽ ആനന്ദ് ഒ.ഐ.സി.**
ബഥനി നവജീവൻ പ്രൊവിൻഷ്യൽ സുപ്പീര്യർ

ബഥനിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള സമയമാണിത്. കാരണം ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ, ബഥനി ആശ്രമത്തിന്റെ ജന്മദിനം, ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം എന്നിവ ആഗസ്റ്റ് മാസം 15-ന് നാം ആഘോഷിക്കുന്നു.

**ബഹു. ബ്രദർ കമീലസ് ഒ.ഐ.സി.**

ധന്യമായ ഈ കാലത്തിൽ, നമ്മിൽ നിന്ന് കർതൃസന്നിധിയിലേക്ക് കടന്നുപോയ കമീലസ് ബ്രദറിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ലാളിത്യവും സേവനവും നിറഞ്ഞ ജീവിതത്തിൽ നിന്നാണ് യഥാർത്ഥ സന്തോഷവും സംതൃപ്തിയും ലഭിക്കുന്നതെന്ന് ബഹു. കമീലസ് ബ്രദർ തന്റെ ജീവിതത്തിലൂടെ നമുക്ക് കാണിച്ചു തന്നു. നമ്മുടെ മുൻഗണനകൾ പരിശോധിക്കുവാനും ദൈവസേവനത്തിലും സാഹോദര്യത്തിലും ആഴപ്പെടുവാനും ബഹു. ബ്രദറിന്റെ മാതൃക നമ്മെ പ്രചോദിപ്പിക്കട്ടെ. വന്ദ്യനായ ഈ സന്ന്യാസ സഹോദരനിലൂടെ നമ്മുടെ സമൂഹത്തിന് ലഭിച്ച അനുഗ്രഹങ്ങൾക്ക് ദൈവസന്നിധിയിൽ നന്ദി അർപ്പിക്കാം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി കർതൃസന്നിധിയിൽ നമ്മുടെ പ്രാർത്ഥനകൾ തുടരാം.

**വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി**

1971-ൽ ബഥനി ആശ്രമത്തിൽ സന്ന്യാസാർത്ഥിയായി ചേർന്ന് 1974-ൽ ആദ്യവ്രതവാഗ്ദാനം നടത്തി ഇപ്പോൾ ഡൽഹി-ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷനായിരിക്കുന്ന അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന് ജൂബിലി മംഗളങ്ങൾ നേരുന്നു. ബഥനിയിൽ 1980-ൽ വൈദികപട്ടാഭിഷേകം സ്വീകരിക്കുകയും തുടർന്ന് പൂനാ, ആലുവ, കോട്ടയം ആശ്രമങ്ങളിൽ സേവനം ചെയ്ത് 1987-'92 കാലയളവിൽ റോമിലെ POI-ൽ നിന്നും കാനൻ നിയമത്തിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കി പൂനാ ആശ്രമത്തിൽ നിയമിതനായി. തന്റെ ഉത്തരവാദിത്വങ്ങളെല്ലാം വിശ്വസ്തതയോടെ പൂർത്തീകരിച്ച ആന്റണി അച്ചനെ വലിയ കാര്യങ്ങൾ ഏൽപ്പിക്കുവാനായി 2004-ൽ തിരുവനന്തപുരം കൂരിയായിലേക്ക് അദ്ദേഹത്തെ നിയോഗിച്ചു. 2010 വരെ ഈ ഉത്തരവാദിത്വം നിയോഗിച്ച ആന്റണി അച്ചനെ 2010-ൽ കൂരിയാ മെത്രാനായി അഭിഷേകം ചെയ്യുകയും 2015-ൽ പൂനാ-കട്കി മെത്രാനായി നിയോഗിക്കപ്പെടുകയും 2022-ൽ ഡൽഹി-ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷനായി തീരുകയും ചെയ്തു. ഒരു മെത്രാപ്പോലീത്തായായി തന്റെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കുമ്പോഴും ഒരു തികഞ്ഞ ബഥാന്യനായി സഭയിൽ അദ്ദേഹം ജീവിക്കുന്നുവെന്നത് ബഥാന്യരായ നമുക്ക് സന്തോഷം നൽകുന്ന കാര്യമാണ്. സുവർണ്ണജൂബിലിയുടെ എല്ലാ ആശംസകളും വന്ദ്യപിതാവിന് നേരുന്നു.

1951-ൽ കുട്ടംപേരൂരിൽ ജനിച്ച് 1971-ൽ തിരുവല്ലാ ആശ്രമത്തിൽ സന്ന്യാസാർത്ഥിയായി ചേരുകയും 1974-ൽ ആദ്യവ്രതവാഗ്ദാനം നടത്തി വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി

ആഘോഷിക്കുന്ന ബഹു. വർഗീസ് തോപ്പിൽ അച്ചന് ജൂബിലി മംഗളങ്ങൾ നേരുന്നു. 1980-ൽ വൈദികനായി അഭിഷേകം ചെയ്യപ്പെട്ട് സകലേശ്പൂർ, ചുനക്കര തുടങ്ങിയ സ്ഥലങ്ങളിൽ 1988 വരെ തന്റെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കി 1989 മുതൽ 2013 വരെ ജർമ്മനിയിൽ വിവിധ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്ത് 2014-ൽ തോപ്പിൽ അച്ചൻ ഇന്ത്യയിൽ മടങ്ങിയെത്തി. തുടർന്ന് ചേലക്കര, നിലമ്പൂർ, ഹെബ്രി, അടിമാലി, മീനങ്ങാടി, കല്ലാർ, ദേശം എന്നീ ആശ്രമങ്ങളിൽ ബഹു.അച്ചൻ നിയമിക്കപ്പെട്ടു. ദീർഘനാളത്തെ ജർമ്മൻ അനുഭവവും, ജർമ്മൻ ഭാഷയിലുള്ള പ്രാവീണ്യവും കൈമുതലായ തോപ്പിൽ അച്ചൻ ഇപ്പോൾ തിരുവല്ലാ ബഥനി ദയറാ ആശ്രമത്തിലെ Bils എന്ന ജർമ്മൻ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടറായി സേവനം ചെയ്യുന്നു. അനേകംപേർക്ക് ഈ ഭാഷയിൽ പ്രാവീണ്യം നൽകുവാൻ കഴിഞ്ഞ കുറേ വർഷങ്ങളായി തോപ്പിൽ അച്ചന് സാധിച്ചു. സുവർണ്ണജൂബിലി വർഷത്തിൽ എല്ലാ ദൈവാനുഗ്രഹങ്ങളും അച്ചന് നേരുന്നു.

**വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി**

ഇതോടൊപ്പം വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന പ്രിയ ബഹുമാനപ്പെട്ട ബോണി അച്ചൻ, ഡേവിഡ് അച്ചൻ, ഡാനിയേൽ അച്ചൻ, സാജൻ അച്ചൻ എന്നിവർക്ക് പ്രാർത്ഥനാശംസകൾ.

ഇരുപത്തിയഞ്ച് വർഷത്തെ സമർപ്പിത ജീവിതം കാലത്തിന്റെ ഒരു ഓർമ്മപ്പെടുത്തൽ മാത്രമല്ല, അചഞ്ചലമായ വിശ്വാസത്തിന്റെയും ആഴത്തിലുള്ള സ്നേഹത്തിന്റെയും സേവനത്തിന്റെയും സാക്ഷ്യം കൂടിയാണ്. നിങ്ങളുടെ വ്രതബന്ധിതമായ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവവചനങ്ങളെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു.

ഇരുപത്തിയഞ്ച് വർഷമായി കർത്താവിന്റെ പ്രവർത്തനത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധത പ്രകടിപ്പിച്ചുകൊണ്ട് നിങ്ങൾ നിങ്ങളുടെ സന്ന്യാസവിളിയിൽ ഉറച്ചുനിന്നു. വിശ്വാസത്തിലും സേവനത്തിലുമുള്ള നിങ്ങളുടെ അധ്വാനം നിങ്ങളുടെ സമർപ്പണത്തിന് സാക്ഷ്യം വഹിച്ച എല്ലാവർക്കും പ്രചോദനത്തിന്റെ ഉറവിടമാണ്. അതുകൊണ്ട് "എന്റെ വത്സലസഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്നു ബോധ്യപ്പെട്ട്, അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ" (1 കോറിന്തോസ് 15:58).

നിങ്ങളുടെ നിസ്വാർത്ഥ സേവനത്തിലൂടെ, അനുകമ്പയോടും കരുതലോടെയും മറ്റുള്ളവരെ സമീപിക്കുന്നതിലൂടെ നിങ്ങൾ നിങ്ങളുടെ പ്രവർത്തികളിൽ സ്നേഹത്തിന്റെ മാതൃക കാണിച്ചു. നിങ്ങളുടെ ശുശ്രൂഷ പ്രത്യാശയുടെ പ്രതീകവും ആശ്വാസത്തിന്റെ ഉറവിടവുമാണ്, എല്ലാ പ്രവർത്തനങ്ങളിലും ക്രിസ്തുവിന്റെ അഗാധമായ സ്നേഹം നിങ്ങൾ പ്രതിഫലിപ്പിക്കുന്നു. അതിനാൽ ''നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ'' (1 കോറി. 16:14).

വെല്ലുവിളികളിലൂടെയും പരീക്ഷണങ്ങളിലൂടെയും നിങ്ങളെ ശക്തിപ്പെടുത്തിയ ക്രിസ്തുവിലുള്ള നിങ്ങളുടെ വിശ്വാസം അനേകർക്ക് മാതൃകയാണ്. ''എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും" (ഫിലിപ്പി 4:3) എന്ന വചനം

ദൈവകൃപയിൽ ആശ്രയിച്ച്, ധൈര്യത്തോടും സ്ഥിരോത്സാഹത്തോടും കൂടി തടസ്സങ്ങളെ മറികടക്കാൻ നിങ്ങളെ പ്രാപ്തരാക്കി. പരീക്ഷണങ്ങളുടെയും വെല്ലുവിളികളുടെയും സമയം ദൈവവചനം നമ്മെ ശാക്തീകരിക്കുകയും ഉയർത്തുകയും ചെയ്യുന്നു എന്നതിന്റെ തെളിവാണ് നിങ്ങളുടെ ജീവിതം.

ദൈവം തയ്യാറാക്കിയ പദ്ധതികളിലൂടെ ജീവിക്കുന്നതിനുള്ള നിങ്ങളുടെ പ്രതിബദ്ധത കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷം നിങ്ങൾ ബഥനി ആശ്രമത്തിൽ ചെലുത്തിയ സ്വാധീനത്തിൽ നിന്ന് വ്യക്തമാണ്. നിങ്ങൾ ഓരോരുത്തരും നിങ്ങൾക്ക് നൽകപ്പെട്ട ദൈവിക ദൗത്യം നിറവേറ്റി വിശ്വാസത്തിന്റെയും സേവനത്തിന്റെയും പാതയിൽ ഇനിയും മുന്നോട്ട് പോകട്ടെ എന്ന് ആശംസിക്കുന്നു. കാരണം, "നാം ദൈവത്തിന്റെ കരവേലയാണ് നാം ചെയ്യാൻവേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്" (എഫേ. 2:10).

വ്രതവാഗ്ദാനത്തിന്റെ രജത ജൂബിലി ആഘോഷിക്കുമ്പോൾ, തുടർന്നും നിങ്ങളുടെ ജീവിതത്തിൽ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. "കർത്താവു നിങ്ങളെ അനുഗ്രഹിക്കുകയും പരിപാലിക്കുകയും ചെയ്യട്ടെ. അവിടുന്നു നിങ്ങളിൽ പ്രസാദിക്കുകയും നിങ്ങളോടു കരുണ കാണിക്കുകയും ചെയ്യട്ടെ. കർത്താവ് കരുണയോടെ കടാക്ഷിച്ചു നിങ്ങൾക്കു സമാധാനം നല്കട്ടെ" (സംഖ്യ 6:24-26) നിങ്ങളുടെ ശുശ്രൂഷയിൽ കർത്താവിന്റെ കൃപ നിങ്ങളിൽ സമൃദ്ധമായിരിക്കട്ടെ.

പ്രിയപ്പെട്ട ബോണി അച്ചാ, ഡേവിഡ് അച്ചാ, ഡാനിയേൽ അച്ചാ, സാജൻ അച്ചാ, വിശ്വാസത്തിന്റെയും പ്രതിബദ്ധതയുടെയും ശാശ്വതമായ ദൈവീക ശക്തിയുടെയും അഗാധമായ തെളിവാണ് ഇരുപത്തിയഞ്ച് വർഷത്തെ നിങ്ങളുടെ സന്ന്യാസ ജീവിതം. മറ്റുള്ളവരുടെ ജീവിതത്തെ സ്പർശിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നിലപാടുകളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ രജതജൂബിലി ആചരണം. നിങ്ങളുടെ തുടർച്ചയായ യാത്ര ദൈവത്തിന്റെ കൃപാപരമായ വാഗ്ദാനങ്ങളുടെ പൂർത്തികരണത്താൽ നിറഞ്ഞിരിക്കട്ടെ. ആശംസകൾ, അഭിനന്ദനങ്ങൾ.

**ബഥനി ആശ്രമത്തിന്റെ ജന്മദിനം**

സഭ ബലവത്താകുന്നതിന് ദൈവീക സുവിശേഷകർ മാത്രം പോരാ, ദൈവം സമ്പാദ്യമായുള്ള സന്ന്യാസികൾ വേണം എന്ന് മനസ്സിലാക്കിയതുകൊണ്ടാണ് ആബോ ഗീവർഗീസ്, മലങ്കര സഭയിൽ പരിശുദ്ധാത്മാവിനാൽ പ്രേരിതനായി ബഥനി സന്ന്യാസ സമൂഹം സ്ഥാപിക്കുവാൻ ആഗ്രഹിച്ചത്.

'സന്ന്യാസം സഭയുടെ ചങ്കാണ്' എന്നതിനാൽ താൻ സ്ഥാപിക്കുന്ന സന്ന്യാസ സമൂഹത്തിന്റെ ആദർശമായി ധന്യൻ മാർ ഇവാനിയോസ് പിതാവ് സ്വീകരിച്ചത് 'ദൈവ സേവനത്തേക്കാൾ അത്യുത്തമം ദൈവ സമ്പാദനമാണ്' എന്ന ആപ്തവാക്യമാണ്.

സന്ന്യാസം സ്വീകരിക്കുന്ന ഒരാൾക്ക് മാത്രമേ ദൈവത്തെ ഏക സമ്പാദ്യമാക്കുവാൻ കഴിയുകയുള്ളൂ എന്ന ബോധ്യത്തിൽ നിന്ന് ദൈവത്തിന് തങ്ങളെത്തന്നെ പ്രതിഷ്ഠിച്ച സർവ്വസംഗ പരിത്യാഗികളായവരുടെ ഒരു സമൂഹം സ്ഥാപിക്കണം എന്ന തീരുമാനത്തിലേക്ക് ആബോ ഗീവർഗ്ഗീസ് എത്തിച്ചേർന്നു.

സുവിശേഷത്തിലെ ലാസർ, മറിയം, മാർത്ത എന്നിവരുടെ ക്രിസ്താനുഭവത്തിന്റെ വ്യതിരക്തത ധ്യാനിച്ചപ്പോൾ, ആബോ ഗീവർഗീസിന് താൻ സ്ഥാപിക്കുന്ന സന്ന്യാസ സമൂഹത്തിന് ബഥനി എന്ന നാമം ഏറ്റവും അനുയോജ്യം എന്ന് വെളിപ്പെട്ടു. പ്രാർത്ഥനയ്ക്കും പ്രവർത്തനത്തിനും സുവിശേഷത്തിന്റെ സാക്ഷ്യത്തിനും പരമപ്രാധാന്യം നൽകുന്ന ഒരു സന്ന്യാസ സമൂഹത്തിന്റെ സ്വഭാവത്തെയും സിദ്ധിയെയും പ്രകടിപ്പിക്കുവാൻ ഇതിലും ഉദാത്തമായ മറ്റൊരു നാമം ഇല്ലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ആർക്കും എടുത്തു മാറ്റുവാൻ കഴിയാത്ത ഈ നല്ല ഭാഗം തിരഞ്ഞെടുക്കുകയാണ് ബഥനി ആശ്രമത്തിലൂടെയുള്ള സന്ന്യാസ സമർപ്പണത്തിന്റെ അന്തഃസത്ത. അതിനാൽ നമ്മുടെ സമൂഹസ്ഥാപകൻ ആബോ ഗീവർഗ്ഗീസിലൂടെ പരിശുദ്ധാത്മാവിൽ മിശിഹാനുകരണ സന്ന്യാസ സമൂഹത്തിന് ലഭിച്ച സിദ്ധിയോട് ചേർന്നു നിൽക്കുവാൻ സമൂഹാംഗങ്ങളായ നാം ഓരോരുത്തരും പരിശ്രമിക്കണം.

ദൈവപരിപാലനയിൽ 1919 ആഗസ്റ്റ് 15-ാം തീയതി സ്ഥാപിതമായ ബഥനി ആശ്രമം ഇന്ന് വിവിധ ഭൂഖണ്ഡങ്ങളിൽ പ്രേഷിത ശുശ്രൂഷ ചെയ്യുന്നു. ആത്മീയതയിലും, പാരമ്പര്യങ്ങളിലും അടിയുറച്ച ബഥനിയെ വേഷത്തിനോ, ഭാഷയ്ക്കോ, സംസ്ക്കാരത്തിനോ, സംസ്കൃതിക്കോ ഒന്നിനും അകറ്റി നിർത്താൻ കഴിയില്ല. കാരണം എല്ലാവരെയും ഉൾക്കൊണ്ട്, ദൈവ സമ്പാദനത്തിന്റെ, ദൈവസ്നേഹത്തിന്റെ സംസ്കാരത്തിലേയ്ക്ക് ബഥനി ആശ്രമസ്ഥർ പ്രയാണം ചെയ്യുന്നു.

നൂറ്റിയഞ്ച് വയസ്സായ ബഥനി ആശ്രമം, രണ്ട് പ്രൊവിൻസുകളായി ശുശ്രൂഷ വിപുലീകരിച്ചതിന്റെ രജതജൂബിലി ആഘോഷിക്കുന്ന വർഷം കൂടിയാണിത്. ബഥനി ആശ്രമത്തെ സംബന്ധിച്ച് ഈ രജത ജൂബിലി നമ്മുടെ സമൂഹത്തിന്റെ സിദ്ധി ഉൾക്കൊണ്ട് ദൈവത്തിനും മനുഷ്യർക്കും വേണ്ടി നാം ചെയ്ത വിശ്വസ്ത സേവനത്തെ ചരിത്രത്തിൽ അടയാളപ്പെടുത്തുന്നു. ഈ അവസരത്തിൽ ത്യാഗത്തിലൂടെയും സമർപ്പണത്തിലൂടെയും രണ്ട് പ്രൊവിൻസുകളെയും കെട്ടിപ്പടുത്തിയവരെയും ഉത്സാഹത്തോടും ആവേശത്തോടും ഇപ്പോഴും നമ്മെ പ്രചോദിപ്പിക്കുന്ന സമൂഹാംഗങ്ങളേയും നന്ദിയോടെ ഓർക്കാം. ജൂബിലി വർഷത്തിൽ സമൂഹത്തിന്റെ അടിസ്ഥാന തത്വങ്ങളോട് ക്രിയാത്മകമായും വിശ്വസ്തമായും പ്രതികരിക്കുവാൻ നമുക്ക് കഴിയട്ടെ. സമൂഹത്തിന്റെ സിദ്ധിയിൽ വേരൂന്നിയതും ആത്മാവിൽ നവീകരിക്കപ്പെട്ടതുമായ ഈ യാത്ര നമുക്ക് തുടരാം.

# തീഷ്ണവാനായ ആന്റണിഅച്ചൻ

**ഫാ. തോമസ് മനോജ് ഓടാലിൽ ഒ.ഐ.സി**

സന്യാസവ്രതത്തിന്റെ അൻപതാം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ ബഹുമാനപ്പെട്ട ആന്റണി വലിയവിളയിൽ അച്ചന്റെ (തോമസ് മാർ അന്തോണിയോസ് പിതാവ്) ജീവിതത്തിൽ ഞാൻ ഞാൻ കണ്ടിട്ടുള്ള ചില സവിശേഷതകൾ താഴെ കുറിക്കുന്നു.

ഞങ്ങളുടെ ബാച്ച് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ പ്രീഡിഗ്രി പഠിക്കുന്ന കാലത്ത് ബി.എ.പരീക്ഷ എഴുതുവാനായി ബഹുമാനപ്പെട്ട ആന്റണിഅച്ഛൻ തന്റെ മധ്യവേനൽ അവധിക്കാലത്ത് നാലാഞ്ചിറ ആശ്രമത്തിൽ താമസിച്ച് പഠിച്ചിരുന്നു. ആ കാലത്താണ് ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുകയും പരിചയപ്പെടുകയും ചെയ്യുന്നത്.

ഞങ്ങൾ പ്രീഡിഗ്രി പഠനശേഷം പൂനബഥനി ആശ്രമത്തിൽ ചെല്ലുമ്പോൾ അന്ന് അവിടെ റെക്ടർ ബഹുമാനപ്പെട്ട ലൂയിസ് മൂലവീട്ടിൽ അച്ചൻ ആയിരുന്നു. ബഹുമാനപ്പെട്ട ലൂയിസ് അച്ചൻ ഞങ്ങളെ അറിയിക്കുകയുണ്ടായി, ബഹുമാനപ്പെട്ട ആന്റണിഅച്ചൻ ആയിരിക്കും ഞങ്ങളുടെ പ്രീഫിലോസഫിയുടെ ഇൻചാർജ് എന്ന്. അങ്ങനെ ഫിലോസഫികാലം ബഹുമാനപ്പെട്ട ആന്റണിഅച്ചന്റെ ശിക്ഷണത്തിലും മേൽനോട്ടത്തിലും, പൂന കമ്മ്യൂണിറ്റിയിൽ ഇംഗ്ലീഷ് പഠിക്കുവാൻ ഞങ്ങൾക്ക് സഹായിയായി ആന്റണിഅച്ചൻ ഞങ്ങളുടെ ഇടവും വലവും എപ്പോഴും ഉണ്ടായിരുന്നു. അങ്ങനെ പഠന സംബന്ധമായ ബന്ധത്തിലൂടെ അദ്ദേഹത്തെ കുറേക്കൂടെ അടുത്ത് അറിയുവാനുള്ള അവസരം ഉണ്ടായി.

ഞങ്ങളുടെ പ്രീഫിലോസഫിയുടെ കാലത്ത് ബഹുമാനപ്പെട്ട ആന്റണിഅച്ചൻ തന്റെ തിയോളജി കോംപ്രിഹെൻസീവ്എക്സാമിന് ഒരുങ്ങുന്ന വർഷംകൂടിയായിരുന്നു. ഞങ്ങളുടെ ക്ലാസുകളും, എക്സർസൈസ് തിരുത്തലുകളും ഒക്കെകഴിഞ്ഞ് അദ്ദേഹത്തിന് പഠിക്കുവാൻ അധികംസമയം കിട്ടിയിരുന്നില്ല. അതിനാൽ ആശ്രമത്തിലെ അംഗങ്ങളുടെ ഉല്ലാസത്തിന്റെയും വിശ്രമത്തിന്റെയും സമയത്ത് അദ്ദേഹം അവിടുത്തെ വരാന്തയിലൂടെ പഠിച്ചുകൊണ്ട് നടക്കുന്നത് സ്ഥിരം കാണാമായിരുന്നു. പഠനത്തിൽ തനിക്കുണ്ടായിരുന്ന ശ്രദ്ധയും ഉത്സാഹവും തീഷ്ണതയും മറ്റെല്ലാവർക്കും കൂടെവേണമെന്നും അദ്ദേഹം നിരന്തരമായി നിഷ്കർഷിച്ചിരുന്നു. അതിനാൽ ഇംഗ്ലീഷ് സംസാരിക്കുവാനും, ഭാഷ അനായാസം കൈകാര്യം ചെയ്യുവാനും അദ്ദേഹം എല്ലാവരുടെയുംമേൽ എപ്പോഴും ശ്രദ്ധചെലുത്തിയിരുന്നു.

പൂന ബഥനി ആശ്രമത്തിലെ എല്ലാ ദിനചര്യകളിലും ബഹുമാനപ്പെട്ട അച്ചൻ മുടക്കംകൂടാതെ ശ്രദ്ധയോടെ പങ്കെടുത്തിരുന്നു. ഏത് ജോലിയും സമർപ്പണബുദ്ധിയോടുകൂടെ ഏറ്റെടുക്കുവാനും അതിനെ പൂർണ്ണതയിൽ എത്തിക്കുവാനുള്ള അദ്ദേഹത്തിന്റെ ശ്രമം എന്നും ശ്ലാഘനീയമാണ്. ആ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്ക് അദ്ദേഹം തയ്യാറാകില്ലായിരുന്നു.

നമ്മുടെ ആശ്രമത്തിന്റെ ആദർശങ്ങളെയും, നിഷ്ഠകളെയും അദ്ദേഹം വേണ്ടവിധം സ്വായത്തമാക്കിയിരുന്നു. ആ കാര്യങ്ങളെപ്പറ്റി അദ്ദേഹം തനിക്ക് ലഭിക്കുന്ന അവസരങ്ങളിലൊക്കെ മറ്റുള്ളവരുമായിട്ട് സംസാരിക്കുകയും അവരെ ഓർമ്മപ്പെടുത്തുവാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അതോടൊപ്പം സ്വയസിദ്ധമായ ശൈലിയിൽ തന്റെ

ബോധ്യങ്ങളെകുറിച്ചുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. തന്റെ ആശയ അവതരണങ്ങൾ എപ്പോഴും അവധാനതയോടും, ശ്രദ്ധയോടും, യുക്തിഭദ്രമായും മറ്റുള്ളവരുടെ മുൻപിൽ അവതരിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

ആന്റണിവലിയവിളയിൽ അച്ചൻ നല്ലഒരു സമൂഹസ്നേഹിയും സഭാസ്നേഹിയുമാണ്. സഭയുടെയും സമൂഹത്തിന്റെയും വളർച്ചയിൽ അദ്ദേഹം എന്നും ശ്രദ്ധിച്ചിരുന്നു. നമ്മുടെ ആശ്രമങ്ങളെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുവാൻ അദ്ദേഹത്തിന് അവസരം കിട്ടിയപ്പോൾ ഒക്കെ അതിനായി അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. ആലുവ തപോവനത്തിൽ അദ്ദേഹം ഉണ്ടായിരുന്ന കാലത്താണ് അവിടെയുള്ള നമ്മുടെ സ്ഥലം മുഴുവനും കൃഷിയോഗ്യമാക്കിയത്. അതുപോലെ തന്റെ വിദേശപഠനകാലത്ത് ലഭിച്ച അവസരങ്ങളൊക്കെ നമ്മുടെ സമൂഹത്തിന്റെ വളർച്ചയ്ക്ക് ഉപയുക്തമായ വിധത്തിൽ പണംകണ്ടെത്തുന്നതിനും, പ്രോജക്ടുകൾ വഴി സമൂഹത്തിന് പണം ലഭിക്കുന്നതിനും അദ്ദേഹം അവസരമൊരുക്കി.

ബഹുമാനപ്പെട്ട ആന്റണിഅച്ചൻ തീഷ്ണതയുള്ള ഒരുമിഷണറിയാണ്. പൂന ആശ്രമസ്ഥാപനത്തോടോപ്പം ആ പ്രദേശങ്ങളിൽ നമ്മൾ തുടങ്ങിവച്ച മിഷൻ പ്രവർത്തനങ്ങൾക്ക് ബഹുമാനപ്പെട്ട ആന്റണിഅച്ചന്റെ ശ്രമഫലമായി വലിയ പുരോഗതിയുണ്ടായി. പുതിയ സ്റ്റേഷനുകൾ സ്ഥാപിക്കുവാനും, ചാപ്പലുകൾ പണിയുവാനും ഒക്കെ അദ്ദേഹത്തിന് സാധിച്ചു. ഇന്ന് നമ്മൾ കാണുന്ന പൂനസെന്റർ അല്ലെങ്കിൽ ബിഷപ്പ്ഹൗസ് അദ്ദേഹത്തിന്റെ സമർപ്പണത്തിന്റെയും ശുശ്രൂഷയുടെയും ഫലമായി കൂടെ ഉണ്ടായതാണ്. അതോടൊപ്പം പട്ടത്തുള്ള കാതോലിക്കേറ്റ്സെന്ററും അദ്ദേഹത്തിന്റെ തീവ്രശ്രമത്തിന്റെയും ഉത്സാഹത്തിന്റെയും വേറൊരു ഉദാഹരണമാണ്.

മനുഷ്യരോട് ഇടപെടാനും ബന്ധങ്ങൾ സ്ഥാപിക്കുവാനും അദ്ദേഹത്തിനു വലിയ കഴിവുണ്ട്. ആ ബന്ധങ്ങളെ പ്രയോജനപ്രദമാക്കുവാനും അദ്ദേഹത്തിന് സാധിക്കും. നാട്ടിലുംവിദേശത്തുമുള്ള ബന്ധങ്ങളെ എന്നും നിലനിർത്തുന്നതിന് അദ്ദേഹം നിരന്തരം പരിശ്രമിച്ചുകൊണ്ടേയിരിക്കും. ബഥനിയുടെ ലളിതജീവിതം ബഹുമാനപ്പെട്ട ആന്റണിഅച്ചന്റെ ജീവിതശൈലിയിൽ ഉൾപ്പെടുത്തുകയും പകർത്തുകയും ചെയ്തിട്ടുണ്ട്. ധാരാളം പണംസമാഹരിക്കുന്നതിനും, കൈകാര്യം ചെയ്യുന്നതിനും അവസരങ്ങൾ ലഭിച്ചിട്ടും എന്നും അദ്ദേഹം ലളിതമായി ജീവിക്കുന്നതിനും, ഒന്നും തനിക്കുവേണ്ടിമാത്രം സ്വായത്തമാക്കുന്നതിനും ശ്രമിച്ചിട്ടില്ല.

2004-ൽ കൂരിയായിലേക്ക് നിയമിക്കപ്പെട്ട ആന്റണി അച്ചൻ ഈ അവസരത്തിൽ സമൂഹസ്ഥാപകനായ മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികൾക്ക് ചുക്കാൻ പിടിച്ചു. ഈ കാലയളവിൽ ഈവാനിയോസ് പിതാവിനെക്കുറിച്ചുള്ള ധാരാളം പുസ്തകങ്ങൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചു. 2010-ൽ മെത്രാനായി നിയോഗിക്കപ്പെടുകയും പിന്നീട് പൂനാ രൂപതയുടെയും ഇപ്പോൾ ഡൽഹി-ഗുഡ്ഗാവ് രൂപതയുടെയും അദ്ധ്യക്ഷനായി അദ്ദേഹം സേവനം ചെയ്യുന്നു.

ഈ ജൂബിലിവർഷത്തിൽ വന്ദ്യ അന്തോണിയോസ് തിരുമേനിക്ക് എല്ലാവിധ നന്മകളും പ്രാർത്ഥനകളും നേരുന്നു. ദൈവത്തിന്റെ ശക്തമായ കരത്താൽ പിതാവിന്റെ പ്രവർത്തനങ്ങളെ തുടർന്നും സഭയ്ക്കും സമൂഹത്തിനും ഉതകുംവിധം നയിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

# കഠിനാധ്വാനത്തിന്റെ പ്രതീകം - തോപ്പിൽ അച്ചൻ

ഫാ. എബ്രഹാം പ്രസാദ് ചിറയിൽ ഒ.ഐ.സി.

ഫാ. വർഗ്ഗീസ് തോപ്പിൽ അച്ചൻ തന്റെ സന്ന്യാസ സമർപ്പണത്തിന്റെ കനകജൂബിലി ആഘോഷിക്കുമ്പോൾ അച്ചനോടൊപ്പം സന്തോഷിക്കുവാനും ദൈവത്തിന് നന്ദി പറയുവാനുമുള്ള അവസരമാണിത്. ജൂബിലി ആഘോഷം തന്റെ കഴിഞ്ഞുപോയ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുവാനും കൂടുതൽ ദൈവാശ്രയത്തോടുകൂടി മുന്നോട്ടു നോക്കുവാനുമുള്ള അവസരമാണ്. യഹൂദപശ്ചാത്തലത്തിൽ ജൂബിലി യഹോവയായ ദൈവത്തിന് കൃതജ്ഞത പറയുവാനും യഹോവ നടത്തുന്നു എന്നുള്ള വിശ്വാസം ആഴപ്പെടുത്തിക്കൊണ്ട് മുമ്പോട്ട് ജീവിക്കുവാനുള്ള പ്രേരണയാണ് നൽകുന്നത്.

ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചൻ 1951 മേയ് മാസം 12-ാം തീയതി മാന്നാർ കുട്ടംപേരൂരിൽ ജനിക്കുകയും കുട്ടംപേരൂർ സെന്റ് മേരീസ് ഓർത്തഡോക്സ് ദൈവാലയത്തിൽ മാമോദീസായും മൂറോനഭിഷേകവും സ്വീകരിച്ചു. പിന്നീട് തന്റെ കുടുംബം മാന്നാറിൽ കുട്ടംപേരൂരിൽനിന്നും തൃശൂരിന് സമീപമുള്ള കൊമ്പഴ എന്ന സ്ഥലത്തേക്ക് കുടിയേറി പാർക്കുകയും ചെയ്തു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം 1971 ജൂൺ മാസത്തിൽ ബഥനി ആശ്രമത്തിൽ പ്രവേശിച്ചു. 1974 ജനുവരി 15-ാം തീയതി ആദ്യവ്രതംചെയ്ത് തന്റെ സന്ന്യാസസമർപ്പണ ജീവിതം ആരംഭിച്ചു. 2024-ൽ ഈ സമർപ്പണജീവിതത്തിന്റെ കനകജൂബിലി ആഘോഷിക്കുകയാണ്.

ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചനെക്കുറിച്ച് പറയുമ്പോൾ കഠിനാധ്വാനിയായ ഒരു വ്യക്തിയെയാണ് നമുക്ക് കാണുവാൻ സാധിക്കുന്നത്. തനിക്ക് ബോധ്യമുള്ള കാര്യങ്ങൾ ഏതു പ്രതികൂല സാഹചര്യങ്ങളിലും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ത്യാഗപൂർവ്വം ചെയ്യുന്ന വ്യക്തിയെയാണ് നമുക്ക് വർഗ്ഗീസ് തോപ്പിൽ അച്ചനിൽ കാണുവാൻ സാധിക്കുന്നത്. സകലേശവപുരം എസ്റ്റേറ്റിലാണെങ്കിലും, ചുനക്കര ചെറുപുഷ്പ സ്കൂളിലാണെങ്കിലും ജർമനിയിൽ 1990 മുതൽ 2013 വരെയുള്ള വിവിധ ഇടവകകളിലെ സേവനത്തിനും ബഹുമാനപ്പെട്ട വർഗ്ഗീസ് തോപ്പിൽ അച്ചന്റെ കഠിനാധ്വാനവും ത്യാഗപൂർണ്ണമായ ജീവിതവും വിട്ടുവീഴ്ചയില്ലാത്ത സന്ന്യാസനിഷ്ഠയും എല്ലാവർക്കും ഒരു മാതൃകയാണ്. അദ്ദേഹത്തിന്റെ ലളിതജീവിതവും പ്രാർത്ഥനാജീവിതവും കനകജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ സമൂഹത്തിന് മുഴുവൻ മാതൃകയാണ്. ഈ അവസരത്തിൽ ബഹു.വർഗ്ഗീസ് തോപ്പിൽ അച്ചന് സന്ന്യാസ സമർപ്പണത്തിന്റെ കനകജൂബിലിയുടെ മംഗളങ്ങളോടൊപ്പം ആരോഗ്യവും ആയുസും ദൈവം നൽകട്ടെയെന്ന് സ്നേഹപൂർവ്വം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

# ശാന്തതയോടെ നിത്യതയിൽ കമീലസ് ബ്രദർ

**ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.**

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹ.11:25).

ബഹു. ബ്രദർ കടിയംകുന്നിൽ ഒ.ഐ.സി ഈ ലോകത്തിൽനിന്നും, നമ്മിൽ നിന്നും ദൈവത്തിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടു എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹത്തെ പ്രാർത്ഥനയിൽ അനുസ്മരിക്കാം. 1933 ആഗസ്റ്റുമാസം 3-ാം തീയതിയാണ് ബ്രദർ കമീലസ് കടിയംകുന്നിൽ ജനിച്ചത്. ചെറുപ്പംമുതലേ സന്ന്യാസജീവിതത്തോട് ഏറെ താൽപര്യവും ഇഷ്ടവും ഉണ്ടായിരുന്നു. ദൈവവിളികൊണ്ട് അനുഗ്രഹീതമായ ഒരു കുടുംബത്തിൽനിന്നാണ് സന്ന്യാസജീവിതത്തിലേക്ക് കടന്നുവന്നത്. മലങ്കര സഭയുടെ ഹൈരാർക്കി അനുഭവിച്ചപ്പോൾ തന്നെ അദ്ദേഹം ബഥനി ആശ്രമത്തിൽ ചേരുവാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

**ശുശ്രൂഷയുടെ ജീവിതം**

വി.ബൈബിളിൽ ബഥനിയിലെ മാർത്തയെ ശുശ്രൂഷയുടെ അടയാളമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. മാർത്തയെപോലെ ബഥനി ആശ്രമത്തിന്റെ മുഖ്യധാരയിൽ ശുശ്രൂഷ നിർവഹിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പൂനാ ബഥനി ആശ്രമം, ചുനക്കര ആശ്രമം, മുക്കംപാല ആശ്രമം, ബഥനി പ്രസ്സിന്റെ മാനേജർ, നവജീവൻ പ്രോവിൻസിന്റെ കൗൺസിലർ, പ്രൊക്യുറേറ്റർ തുടങ്ങിയ മേഖലകളിൽ ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ചു. എടുത്തു പറയേണ്ട ശുശ്രൂഷ പൂനാ ബഥനി ആശ്രമത്തിൽ പത്തുവർഷക്കാലം സേവനം ചെയ്തു എന്നതാണ്. പൂന പഠനഗൃഹത്തിലെ ശുശ്രൂഷകൾ വളരെ സങ്കീർണ്ണമായ കാലയളവിലും ബ്രദർ പത്തു വർഷക്കാലം വൈദികവിദ്യാർത്ഥികൾക്ക് തന്റെ ആരോഗ്യവും സമയവും സ്നേഹവും കരുതലും നൽകി ബഹു. റെക്ടർ അച്ചനോടൊപ്പം ശുശ്രൂഷ നിർവ്വഹിച്ചു. ഇന്ന് ബഥനി ആശ്രമത്തിന്റെ വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന ആശ്രമസ്ഥരുടെ ജീവിതത്തിൽ സജീവമായ സാന്നിദ്ധ്യമായി ബ്രദറിന് പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**അർത്ഥവത്തായ പുഞ്ചിരി**

എന്തിനും ഏതിനും മറുപടി ഒരു പുഞ്ചിരിയായിരുന്നു ബ്രദറിന്റെ മുഖത്ത് പലപ്പോഴും കണ്ടിരുന്നത്. പുഞ്ചിരിക്കുന്ന മുഖം ഒരു സന്ന്യാസിയുടെ നൈർമല്യത്തെ സൂചിപ്പിക്കുന്നു. ഫ്രാൻസിസ് മാർപാപ്പാ എപ്പോഴും സന്ന്യാസികളെ ഓർമ്മിപ്പിക്കുന്നത് സന്തോഷമുള്ള വരായിരിക്കുന്നു എന്നുള്ളതാണ്. ഹൃദയത്തിൽ നന്മ, സന്തോഷം എന്നിവ ഉണ്ടെങ്കിൽ മാത്രമേ ഒരു സന്ന്യാസിക്ക് ആത്മാർത്ഥമായി പുഞ്ചിരിക്കുവാൻ കഴിയുകയുള്ളു. കഴിഞ്ഞ് ഏഴരവർഷക്കാലം ബ്രദർ കമീലസിനെ ശുശ്രൂഷിച്ച ശ്രീമാൻ ബാബു ജോർജ്ജിന്റെ വാക്കുകൾ ഇപ്രകാരമാണ്: "ബ്രദർ കമീലസ് അസാധാരണമായ ക്ഷമയുള്ള വ്യക്തിയായിരുന്നു. മാത്രമല്ല, അദ്ദേഹത്തിന്റെ മുഖത്ത് എപ്പോഴും ഒരു പുഞ്ചിരി മായാതെ നിന്നിരുന്നു. മരുന്ന്

കൊടുക്കുമ്പോൾ, ഭക്ഷണം നൽകുമ്പോൾ സ്വീകരിക്കാതെ വരുമ്പോൾ കർശനമായി കഴിക്കണമെന്ന് പറയുമ്പോഴും മുഖത്ത് ഒരു പുഞ്ചിരി ഉണ്ടാകും. ഒന്നിനെക്കുറിച്ചും പരാതി പറയുകയില്ല, എത്ര പ്രശ്നങ്ങളുടെ നടുവിലും നെഞ്ചത്ത് കൈവച്ച് ദൈവത്തിലേക്ക് നോക്കി എന്റെ ദൈവമേ, എന്ന് വിളിച്ചിരുന്നു. ഏത് സാഹചര്യത്തെയും ശാന്തതയോടും സമചിത്തതയോടുംകൂടി കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിൽ ഒത്തിരി നന്മ കണ്ടെത്തുവാൻ കഴിഞ്ഞു. ഇന്നത്തെ കാലഘട്ടത്തിൽ കടമയും ശാന്തതയും എടുത്തു പറയേണ്ട അനുഗ്രഹമായി ഞാൻ കാണുന്നു.

**ലളിത ജീവിതശൈലി**

ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ. ക്രിസ്തുവിന്റെ വാക്ക് സ്വന്തം ജീവിതത്തിൽ ഏറ്റെടുത്ത വ്യക്തിയായിരുന്നു കമീലസ് ബ്രദർ. ധനം, ബഹുമതി, അധികാരം എന്നിവ ഒരിക്കലും ഒരു സന്ന്യാസിക്ക് ചേർന്നുള്ളതല്ല എന്നു പറഞ്ഞ മാർ ഈവാനിയോസ് പിതാവിന്റെ ദിവ്യ ഉപദേശങ്ങളെ സ്വന്തം ജീവിതത്തിൽ ഏറ്റെടുത്ത് ലോകത്തിനുമുമ്പിൽ ലളിതജീവിതം അവതരിച്ച സാധു ആയിരുന്നു അദ്ദേഹം. ഇന്നത്തെ കാലഘട്ടത്തിൽ എല്ലാം പിടിച്ചെടുക്കാൻ നോക്കുന്ന മനുഷ്യന്റെ അമിതാവേശത്തിന്റെ മുമ്പിൽ ബ്ര.കമീലസിന്റെ ജീവിതം ഒരു മാതൃകയായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. 2024 മേയ് മാസം 15-ാം തീയതി ബഥനി ആരാമത്തിൽനിന്ന് പറിച്ചെടുത്ത് സ്വർഗ്ഗീയ പറുദീസായിൽ നട്ടിരിക്കുകയാണ്. സാധു ആയി ജീവിച്ച് നമ്മെ വിട്ട് പോയപ്പോൾ ഒരുപാട് കാര്യങ്ങൾ നമുക്ക് ചിന്തിക്കുവാൻ നൽകി. കൂടാതെ ഓരോ ബഥാന്യനും പ്രിയപ്പെട്ട കമീലസ് ബ്രദറിനെപ്പോലെ പുഞ്ചിരിക്കാൻ, ലളിതമായി ജീവിക്കാൻ, ശുശ്രൂഷിക്കാൻ പ്രാപ്തരാകട്ടെയെന്ന് പ്രത്യാശയോടെ കാത്തിരിക്കാം.

# നിഷ്കളങ്കനും നിർമ്മലനുമായ കമീലസ് ബ്രദർ

ഫാ. ഗോഡ്വിൻ ക്രിസ്റ്റോ ഒ.ഐ.സി.

ബഥനി മിശിഹാനുകരണ സന്ന്യാസി സമൂഹത്തിലെ മുതിർന്ന അംഗങ്ങളിൽ ഒരാൾകൂടി ദൈവസന്നിധിയിലേക്ക് യാത്രയാകുന്നു ബ്രദർ കമീലസ് കടിയംകുന്നിൽ ഒ.ഐ.സി.

ഏകദേശം ഏഴു പതിറ്റാണ്ടിലധികം നീണ്ടുനിന്ന വ്രതബദ്ധജീവിതംകൊണ്ട് ദൈവത്തെയും ദൈവജനത്തെയും ശുശ്രൂഷിച്ച് ബഥനിയുടെ ഉത്തമ മകനായി സന്ന്യാസ സമർപ്പണം വിശ്വസ്തതയോടെ ജീവിച്ച ബ്രദറിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ പ്രണാമം അർപ്പിക്കുന്നു. ബഹു.ബ്രദറിന്റെ ജീവിത നാൾവഴികളിലൂടെ നമുക്ക് കടന്നു പോകാം.

1933 ആഗസ്റ്റ് 3-ാം തീയതി പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരിക്ക് അടുത്തുള്ള അയിരൂരിൽ കടിയംകുന്നിൽ വീട്ടിൽ ശ്രീ.ഈപ്പന്റെയും ശ്രീമതി അന്നമ്മയുടെയും മകനായി ജനിച്ചു. 1934-ൽ ആയൂരിലെ ലോർഡ്സ് ആശ്രമത്തിൽവച്ച് ഫിലിപ്പ് എന്ന മാമോദീസ സ്വീകരിച്ചു. തിരുവല്ല ഭദ്രാസനത്തിലെ അയിരൂർ സെന്റ് പാട്രിക് ദേവാലയ അംഗമാണ് ബഹു.കമീലസ് ബ്രദർ. തന്റെ പ്രാഥമിക വിദ്യാഭ്യാസം അയിരൂരിലുള്ള മാതാപാറ (Mathapara) ഹൈസ്കൂളിൽ പൂർത്തിയാക്കിയതിനുശേഷം നിത്യമായ ദൈവസമ്പാദനമാണ് ജീവിതത്തിന്റെ അമൂല്യശേഖരം എന്ന് മനസ്സിലാക്കിയ ബ്രദർ 1958 മേയ് മാസം 16-ാം തീയതി നാലാഞ്ചിറ ആശ്രമപ്രവേശനത്തിലൂടെ ബഥനി സന്ന്യാസ സമൂഹത്തിന്റെ ഭാഗമായി.

1955-'57 കാലഘട്ടത്തിൽ ബഥനി ആശ്രമത്തിൽ സന്ന്യാസ അർത്ഥിയായി. 1957-'58 കാലയളവിൽ ഫാ.പീറ്റർ കോഴിമണ്ണിൽ ഒ.ഐ.സി.യുടെ പരിശീലനത്തിൻകീഴിൽ നവശിഷ്യപദം പൂർത്തിയാക്കി. അത്ഭുതകരമായ സ്നേഹംകൊണ്ട് രോഗികളെ ശുശ്രൂഷിച്ച വിശുദ്ധ കമീലസിനെ സ്വർഗ്ഗീയ മധ്യസ്ഥനാക്കി വിശുദ്ധന്റെ നാമധേയം സ്വീകരിച്ച ബ്രദർ 1958 മേയ് 5-ാം തീയതി നാലാഞ്ചിറയിൽ വച്ച് പ്രഥമ വ്രതവാഗ്ദാനത്തിലൂടെ ദൈവത്തിന് തന്നെത്തന്നെ സമർപ്പിച്ചു. 1961-ൽ വ്രതനവീകരണം നടത്തിയ ബ്രദർ 1963 മേയ് മാസം 15-ാം തീയതി നിത്യവ്രതവാഗ്ദാനത്തിലൂടെ ആയുഷ്പര്യന്തം ദൈവജനസേവനത്തിനായി തന്നെത്തന്നെ സമർപ്പിച്ചു. ബഥനി ആശ്രമത്തോടുള്ള ആത്മാർത്ഥതയും, തന്റെ വിളിയോടുള്ള വിശ്വസ്തതയും സ്നേഹവും സന്ന്യാസോചിതമായ അച്ചടക്കവും ബ്രദറിന്റെ ജീവിതത്തിന് കൂടുതൽ അർത്ഥവും, ആഴവും നൽകി.

ബ്രദറിന്റെ സമർപ്പണ ബുദ്ധിയോടെയുള്ള പ്രവർത്തനവും, ഏറ്റെടുക്കുന്ന കാര്യങ്ങളിലെ വിശ്വസ്തതയും ബഥനി ആശ്രമത്തിന്റെ വളർച്ചയ്ക്ക് വളരെ നിർണായകമായ പങ്കുവഹിച്ചു. വളരെ മാതൃകാപരവും, ത്യാഗോജ്ജ്വലവുമായിരുന്നു ബ്രദറിന്റെ സന്ന്യാസ സമർപ്പണ ജീവിതം.

**ബഥനി ആശ്രമത്തിലെ ബ്രദറിന്റെ കർമ്മ വേദികൾ**

1958-'68 കാലയളവിൽ പൂനെയിൽ അസിസ്റ്റന്റ് പ്രൊക്യുറേറ്ററായും 1968 മുതൽ 1980 വരെ മേക്കോണം ബഥനി എസ്റ്റേറ്റ് മാനേജരായും സേവനം അനുഷ്ഠിച്ചു.

1980–'83 കാലയളവിൽ കോട്ടയം ബഥനി പ്രസിന്റെ മാനേജരായും പ്രിയപ്പെട്ട ബ്രദർ സേവനമനുഷ്ഠിച്ചു.

തുടർന്ന് 1983 മുതൽ '85 വരെ മുക്കംപാല ബഥനി ആശ്രമ പ്രൊക്യുറേറ്ററായും എസ്റ്റേറ്റ് മാനേജരായും സേവനമനുഷ്ഠിച്ചു.

1985–2000 വരെ ചുനക്കര ബഥനി എസ്റ്റേറ്റ് മാനേജർ, ആശ്രമ സുപ്പീര്യർ എന്നീ ശുശ്രൂഷകൾ നിർവഹിച്ചു.

2000–2008 കാലഘട്ടത്തിൽ മുക്കംപാല ആശ്രമത്തിൽ പ്രൊക്യുറേറ്ററായും സെന്റ് ജോസഫ് ബഥനി എസ്റ്റേറ്റ് മാനേജരായും രണ്ടാംതവണയും സേവനം ചെയ്തു.

വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ നേരിട്ടതിനാൽ 2008 മുതൽ 2018 വരെ മേക്കോണം ബഥനി നഗർ ആശ്രമത്തോട് ചേർന്ന് വിശ്രമജീവിതം ആരംഭിച്ചു.

ശാരീരിക ബുദ്ധിമുട്ടുകൾ ഏറിയപ്പോൾ 2018 മുതൽ നാലാഞ്ചിറ ദയറ ആശ്രമത്തിൽ പൂർണ്ണവിശ്രമത്തിലായിരുന്നു. ഏറെനാൾ രോഗക്കിടക്കയിൽ ത്യാഗപൂർണമായി കഴിഞ്ഞുവരവേ 2024 മേയ് മാസം 15-ാം തീയതി പുലർച്ചെ 2.45ന് ഈ ലോകത്തോട് യാത്ര പറഞ്ഞ് തന്റെ നിത്യസമ്മാനത്തിനായി വാങ്ങിപ്പോയി. ബഹു.കമീലസ് ബ്രദറിന്റെ ആത്മശാന്തിക്കുവേണ്ടി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ബഹു.ബ്രദറിലൂടെ നമ്മുടെ മിശിഹാനുകരണ സന്ന്യാസസമൂഹത്തിനും സഭയ്ക്കും ലഭിച്ച എല്ലാ നന്മകൾക്കും ദൈവത്തിന് നമുക്ക് നന്ദി പറയാം.

# കഠിനാദ്ധ്വാനത്തിന്റെയും അനുകമ്പയുടെയും പര്യായമായ ബോണി അച്ചൻ

**ഫാ. ജോൺ ക്രിസ്റ്റഫർ ഒ.ഐ.സി.**

25 വർഷത്തെ സന്ന്യാസജീവിതം ആഘോഷിക്കുന്നത് ദൈവത്തിനും അവന്റെ ജനത്തിനുമുള്ള സമർപ്പണവും ത്യാഗവും സേവനവും അടയാളപ്പെടുത്തുന്ന ഒരു സുപ്രധാന സന്ദർഭമാണ്. കഴിഞ്ഞ 25 വർഷങ്ങളിൽ ഒരു സന്ന്യാസവൈദികനെന്ന നിലയിൽ തന്റെ പരിപാലനയിൽ ഏൽപ്പിച്ചിരുന്ന ആത്മാക്കളെ നയിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്ന പ്രാർത്ഥനയുടെയും ശുശ്രൂഷകളുടെയും ജീവിതം നയിച്ച വ്യക്തിത്വമാണ് ബഹു.ബോണി അച്ചന്റേത്. തന്റെ പ്രസംഗം, കൂദാശാശുശ്രൂഷ, അജപാലനപരിപാലനം എന്നിവയിലൂടെ എണ്ണമറ്റ വ്യക്തികളുടെയും കുടുംബങ്ങളുടെയും ആത്മീയജീവിതം രൂപപ്പെടുത്തുവാൻ ബോണി അച്ചന് സാധിച്ചു. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ ശുശ്രൂഷ ചെയ്യുന്ന ബോണി അച്ചൻ യേശുവിന്റെ സ്നേഹത്തിലും പഠിപ്പിക്കലിലും ആഴമായ ജീവിതമാണ് കാഴ്ചവച്ചത്.

കോന്നി പൈനാമണ്ണിൽ 1979 ജൂലൈ മാസം 15-ാം തീയതി ജനിച്ച ബോണി അച്ചൻ കാർമൽ മലങ്കര കത്തോലിക്കാ ദേവാലയത്തിൽനിന്നും മാമ്മോദീസായും മോറൂനാ അഭിഷേകവും സ്വീകരിച്ചു. കോന്നി, പൈനാമൺ എന്നീ വിദ്യാലയങ്ങളിൽ പ്രാഥമിക പഠനം പൂർത്തിയാക്കി 1995-ൽ സന്ന്യാസാർത്ഥിയായി തിരുവല്ലാ ബഥനി ആശ്രമത്തിൽ പ്രവേശിച്ചു. പി.യു.സി പഠനവും ഡിഗ്രി പഠനവും പൂർത്തിയാക്കി പൂനാ ജ്ഞാനദീപയിൽനിന്നും വൈദിക പരിശീലനത്തിലെ ഫിലോസഫി, തിയോളജി പൂർത്തിയാക്കി 2008-ൽ വൈദികനായി അഭിഷിക്തനായി. ആദ്യമായി വേങ്കോട് ബഥനി ആശ്രമത്തിലേക്ക് ബോണി അച്ചനെ നിയമിക്കുകയും ഈ അവസരത്തിൽ അവിടെയുള്ള ബോയ്സ് ഹോമിന്റെ അസി.ഡയറക്ടറായി പ്രവർത്തിക്കുകയും ചെയ്തു. തുടർന്ന് തൃപ്പാദം ബഥനി ആശ്രമത്തിൽ ഒരുവർഷം സേവനം ചെയ്യുകയും വീണ്ടും വേങ്കോട് ആശ്രമത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്തു. 2011-'12 കാലയളവിൽ ആരംഭിച്ച നാലാഞ്ചിറ ബഥനി ബുക്ക്സെന്ററിന്റെ ആദ്യഡയറക്ടർ ബോണി അച്ചനായിരുന്നു. നാലാഞ്ചിറയ്ക്ക് അഭിമാനമാകുന്ന രീതിയിൽ ഈ ബക്ക്സെന്ററിനെ മാറ്റുവാൻ അദ്ദേഹത്തിന് സാധിച്ചു. തൃപ്പാദം, കറ്റാനം ആശ്രമങ്ങളിൽ സേവനമനുഷ്ഠിച്ച ബോണി അച്ചൻ ഇപ്പോൾ നാലാഞ്ചിറ ബഥനി നഗർ ആശ്രമത്തിൽ ശുശ്രൂഷ ചെയ്യുന്നു.

കഴിഞ്ഞ 25 വർഷമായി വിവിധ ബഥനി കമ്മ്യൂണിറ്റികളിൽ സന്ന്യാസവൈദികനായി ബോണി അച്ചൻ സേവനമനുഷ്ഠിച്ചു. ഈ സമയത്തുടനീളം തന്റെ ആത്മീയജീവിതം രൂപപ്പെടുത്തുന്നതിനും, ആവശ്യമുള്ളവർക്ക് ദൈവികപ്രത്യാശ നൽകുന്നതിനും, വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സാക്ഷ്യമായി ജീവിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചിരുന്നു. മറ്റുള്ളവരെ സേവിക്കുന്നതിനും അനുകമ്പയോടും സ്നേഹത്തോടും അവരോടു പെരുമാറുന്നതിനും തന്റെ ജീവിതത്തിൽ അദ്ദേഹം എന്നും പരിശ്രമിച്ചിരുന്നു. ദൈവവിശ്വാസത്തിലും സ്നേഹത്തിലും ഉറച്ച ജീവിതം കാഴ്ചവച്ച ബഹു.ബോണി അച്ചൻ ബഥാന്യർക്ക് നല്ല ഒരു മാതൃകയാണ്. കഴിഞ്ഞ 25 വർഷമായി തന്റെ ജീവിതം യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിനായി, അനുകരിക്കുന്നതിനായി അദ്ദേഹം സമർപ്പിച്ചു. ഉയർച്ച താഴ്ചകളിലും പരീക്ഷണങ്ങളിലും യേശുക്രിസ്തുവിന്റെ ആശ്വാസവും മാർഗ്ഗനിർദ്ദേശവും അദ്ദേഹം കണ്ടെത്തി. ബോണി അച്ചന്റെ രജതജൂബിലിയുടെ ഈ അവസരത്തിൽ പ്രാർത്ഥനാശംസകൾ നേരുന്നു.

# നിഷ്കളങ്കനായ ബഥാനിയൻ - ഡേവിഡ് അച്ചൻ

**ഫാ. ജോൺ ആലുവിള ഒ.ഐ.സി.**

"Be merry, really merry, the life of a true christian should be a prepetual Jubilee, a prelude to the festivals of eternity. The Joy of the Lord is your strength."

ഫ്രഞ്ച് യുവരക്തസാക്ഷിയും പാരിസ് ഫോറിൻ മിഷൻസ് സൊസൈറ്റിയിലെ വൈദികനും വിയറ്റ്നാം മിഷണറിയുമായ സെന്റ് ജീൻ തെയോഫിൻ വെനാർഡിന്റെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. ക്രിസ്തീയ ജീവിതം നിത്യജീവിതത്തിന്റെ മുന്നാസ്വാദനമാകയാൽ ക്രിസ്തുവിൽ സന്തോഷിക്കുക. ക്രിസ്തീയ ജീവിതത്തിന്റെ ഉൽകൃഷ്ടമാതൃകയാണ് സമർപ്പിത ജീവിതം. സന്ന്യാസസമർപ്പണ ജൂബിലി ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും സ്തോത്രത്തിന്റെയും വൈകാരിക നിമിഷങ്ങളാണ്. വർഷങ്ങൾക്കുമുമ്പ് ഉച്ചരിച്ച 'ഉവ്വ്' മറുപടിയോടുള്ള വിശ്വസ്തതയുടെ വാർഷികാഘോഷം. യേശുവിനെ അനുഗമിക്കാനുള്ള ക്ഷണത്തെ ഹൃദയത്തിലേറ്റി പ്രത്യുത്തരം നൽകിയതിന്റെ ആഹ്ലാദനിർവൃതിയുടെ നിമിഷങ്ങൾ! ദൈവകൃപാമാരിക്കും അചഞ്ചലമായ വിശ്വസ്തതയ്ക്കുമുള്ള കൃതജ്ഞതയുടെ നിമിഷങ്ങൾ! ഭൂതകാലത്തെ നന്ദിപൂർവ്വം സ്മരിക്കാനും ഭാവിയിലേക്ക് പ്രത്യാശയോടെ നോക്കി കാണാനുമുള്ള അവസരം. രജതജൂബിലി ആഘോഷിക്കുന്ന ഡേവിഡ് അച്ചന് മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

ദൈവം ഒരു വ്യക്തിയെ സമർപ്പിത ജീവിതത്തിലേക്ക് വിളിക്കുമ്പോൾ സംഭവിക്കുന്ന കൈമാറ്റത്തിന്റെ മനോഹരമായ വിവർത്തനമാണ് സ്നേഹത്തോടുള്ള വിളിക്ക് സ്നേഹത്തിന്റെ മറുപടി. ദൈവം മുൻകൈയ്യ് എടുത്ത് "വന്നു കാണാനും അവനോടൊപ്പം താമസിക്കാനും" (യോഹ.1:39) ഡേവിഡ് അച്ചനെയും ബഥനി ആശ്രമത്തിലൂടെ ശിഷ്യത്വത്തിലേക്ക് ക്ഷണിച്ചു. പിതാവിനോടുള്ള യേശുവിന്റെ സ്വയം ദാനത്തെ അനുകരിച്ചുകൊണ്ട് അച്ചനും യേശുവിനെ സ്വജീവിതത്തിൽ സ്വീകരിക്കാൻ തീരുമാനിച്ചു. ദൈവവിളി രൂപീകരണത്തിനും അത് തിരിച്ചറിയാനും സാമൂഹ്യ, സാംസ്കാരിക, ആത്മീയ പശ്ചാത്തലങ്ങൾ ഹേതുവായി എന്ന് നിസംശയം പറയാൻ സാധിക്കും. ജന്മസ്ഥലമായ ഓണാറ്റുകരയിലെ കായംകുളം വളരെ പ്രാചീനമായ പട്ടണമാണ്. മതമൈത്രിക്ക് പേരുകേട്ട കായംകുളത്തിന്, ക്രൈസ്തവ പാരമ്പര്യത്തിന് ഓണാറ്റുകരയെക്കാൾ പൗരാണികത്വമുണ്ട്. മലയാളഭാഷയിലേക്ക് ബൈബിൾ ആദ്യമായി വിവർത്തനം ചെയ്ത മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയിലെ വൈദികനും സുറിയാനി പണ്ഡിതനുമായ വന്ദ്യ കായംകുളം ഫിലിപ്പോസ് റമ്പാൻ അച്ചന്റെ നാടാണ്. ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ജന്മസ്ഥലമായ മാവേലിക്കരയും, ആദ്യമിഷനും മലങ്കര കത്തോലിക്കാ സഭയിൽ ആദ്യമായി സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനമായ പോപ്പ് പയസ് XI സ്കൂൾ നിലനിൽക്കുന്ന കറ്റാനവും കായംകുളത്താണ്. സഭയോടും സമൂഹത്തോടും സഹവർത്തിത്വം പുലർത്തുന്ന മാവേലിക്കര രൂപതയിൽ പെരിങ്ങാല ഇടവകയിൽ കാര്യാടിയിൽ കുടുംബത്തിൽ ശ്രീമാൻ പി.ഡി.ഫിലിപ്പ് - ശ്രീമതി എലിസബത്ത് ഫിലിപ്പ് ദമ്പതികളുടെ മൂത്തമകനായി 1979 ഡിസംബർ 5-ന് മോഹൻ പി.ഡേവിഡ് ജനിച്ചു. ദീപ്തി മേരി ഏക സഹോദരിയാണ്. സെന്റ് മേരീസ് എൽ.പി.സ്കൂൾ കായംകുളം, സെന്റ് ജോൺസ് ഹൈ സ്കൂൾ മറ്റം, മാവേലിക്കര, പോപ്പ് പയസ് XI സ്കൂൾ, കറ്റാനം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം

പൂർത്തിയാക്കി. ഇടവകയും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഡേവിഡ് അച്ചന്റെ ദൈവവിളി രൂപീകരിക്കുന്നതിന് സഹായിച്ചു. കറ്റാനം ആശ്രമ വൈദികരുമായുള്ള സംസർഗ്ഗം ബന്ധുക്കളായ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ജീവിതസാക്ഷ്യം സമർപ്പിതജീവിതത്തിലേക്കുള്ള ആഗ്രഹത്തെ ത്വരിതപ്പെടുത്തി. 1995 ജൂൺ 22-ന് തിരുവല്ല ആശ്രമത്തിൽ വൈദിക സന്ന്യാസ പരിശീലനത്തിന് പ്രാരംഭം കുറിച്ച മുതൽ ആ സമർപ്പണത്തിന് ഭംഗം വന്നിട്ടില്ല. എന്റെ ജൂനിയർ ബാച്ചായി ആശ്രമപ്രവേശനദിനത്തിന്റെ ഓർമ്മയിൽ മാതാപിതാക്കളുടെ അച്ചനോടുള്ള അഭേദ്യമായ സ്നേഹവും യാത്ര പറച്ചിലിന്റെ വൈകാരിക നിമിഷങ്ങളും ഒളിമങ്ങാതെ നിലനിൽക്കുന്നു. കുടുംബത്തിൽനിന്നും സ്വാംശീകരിച്ച സ്നേഹവും ജാഗ്രതയും പരിശീലനത്തിലും വൈദിക ജീവിതത്തിലും അനുവർത്തിച്ചിരുന്നു. നൂജിബാൽത്തില ആശ്രമത്തിലെ പ്ലസ് ടു പഠനത്തിനും, ആലുവ നോവിഷ്യേറ്റ് പരിശീലനത്തിനുംശേഷം 1999 ജൂൺ 22-ന് ഡേവിഡ് അച്ചൻ സന്ന്യാസ വ്രതവാഗ്ദാനം നടത്തി, ഡേവിഡ് ഫിലിപ്പ് കാര്യാടിയിൽ എന്ന നാമം സ്വീകരിച്ചു. തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ ബി.എ.ഇക്കണോമിക്സ് ബിരുദവും, മൈലപ്ര ആശ്രമത്തിൽ റീജൻസിയും പൂനെ ജെ.ഡി.വി.യിൽനിന്ന് ഫിലോസഫി, തിയോളജി പഠനങ്ങളും വിജയകരമായി പൂർത്തിയാക്കിയ ഡേവിഡ് അച്ചൻ 2009 മെയ് 18-ന് കറ്റാനം സെന്റ് സ്റ്റീഫൻ പള്ളിയിൽവെച്ച് മാർ ഇഗ്നാത്തിയോസ് പിതാവിൽനിന്നും വൈദികപട്ടം സ്വീകരിക്കുകയും അടുത്ത ദിവസം സ്വന്തം ഇടവകയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

"നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറകെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും? പുറത്തേക്കു വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും അതുകൊള്ളുകയില്ല. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല" (മത്താ 5:13-14) എന്നീ തിരുവചനങ്ങൾ സമർപ്പിത, വൈദിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. ഈ ജീവിതം സഭയ്ക്കുള്ള സമ്മാനമാണ്. സമർപ്പിതർ ക്രിസ്തുവിന്റെ ശരീരത്തെ സംരക്ഷിക്കുകയും സുഗന്ധമാക്കുകയും ചെയ്യുന്നു. അവരുടെ ജീവിതമാതൃകയിലൂടെ പാർശ്വവല്കരിക്കപ്പെട്ടവരുടെ സ്നേഹം നിരാകരിക്കുന്ന ഒരു സമൂഹത്തിലും സംസ്കാരത്തിലും സുവിശേഷത്തിന്റെ സന്തോഷം സംരക്ഷിക്കപ്പെടുന്നു. സമർപ്പിതരുടെ സാക്ഷ്യത്തിലൂടെ അവർ ലോകത്തെ നന്മയ്ക്കായി സ്വാധീനിക്കുന്നു. സമർപ്പിതരുടെ സൽപ്രവർത്തികളാകട്ടെ സുവിശേഷത്തിന്റെ വെളിച്ചം പരത്തുന്നു.

പൗരോഹിത്യ സ്വീകരണത്തിന് ശേഷം ഡേവിഡ് അച്ചൻ പത്തനംതിട്ട രൂപതയിൽ ആങ്ങമൂഴി, കൊടുമൺപാറ, മൂലക്കയം, പമ്പാവലി, ളാഹ, അമലഗിരി എന്നീ ഇടവകയിലും, പാറശാല രൂപതയിൽ പിൻകുളം, പഴയ ഉച്ചക്കട, തിരുവനന്തപുരം അതിരൂപതയിൽ കരകുളം, ഇരുമ്പ, മൂഴി, ആനാട്, ഒഴുകുപാറക്കൽ, കമ്പംകോട്, ഗുഡ്ഗാവ് രൂപതയിൽ മയൂർവിഹാർ ഇടവകയിലും രൂപതയുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റി, പ്രചോദനയുടെ ഡയറക്ടറായും സേവനം അനുഷ്ഠിച്ചു. അമലഗിരി ഇടവകയുടെ സ്വപ്നവും മണിയാറിന്റെ അനുഗ്രഹവുമായ വി.ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള കുരിശടി അച്ചന്റെ അജപാലനശുശ്രൂഷയുടെ നാഴികക്കല്ലുകളിൽ ഒന്നാണ്. നാലാഞ്ചിറ ബഥനി നഗർ ആശ്രമ പ്രൊക്യുറേറ്ററായും, ബഥനി നേച്ചർ ക്യുർ ബർസാർ ആയും ശുശ്രൂഷിച്ചു. അവിടെയുള്ള മുതിർന്ന വൈദികരുടെ ആരോഗ്യശുശ്രൂഷയിൽ അതീവ ശ്രദ്ധ വെച്ചുപുലർത്തിയിരുന്നു. ഇടവക ശുശ്രൂഷയോടൊപ്പം തന്നെ തിരുനെൽവേലി യൂണിവേഴ്സിറ്റിയിൽനിന്ന് മെഡിക്കൽ സൈക്യാട്രിയിൽ MSW-ൽ

ഉന്നതവിജയം കരസ്ഥമാക്കി. ഇടവക ശുശ്രൂഷയിലെ അനുഭവസമ്പത്തും ജർമൻ ഭാഷയിലെ നൈപുണ്യവും കൈമുതലാക്കിയ ഡേവിഡ് അച്ചൻ 2021 ഡിസംബർ മാസം 1-ാം തീയതിയിൽ ജർമൻ രൂപതയായ ആഹനിലെ എർക്കലൻസിലെ ഇടവക സമൂഹത്തിൽ ഫാ.പോൾ കൈതവന ഒ.ഐ.സി, ഫാ. ബ്ലസൻ ജോർജ്ജ് ഒ.ഐ.സി എന്നീ അച്ചന്മാരോടൊപ്പം ബഥനി കമ്മ്യൂണിറ്റിയിൽ അംഗമായി ശുശ്രൂഷ ആരംഭിച്ചു. 2024 ഏപ്രിൽ 1 മുതൽ ഹൈയിൻസ്ബർഗ്ഗിലെ ഇടവകസമൂഹത്തിൽ ശുശ്രൂഷ ചെയ്തുവരുന്നു.

പഠനങ്ങളിലുള്ള മികവും സാമൂഹ്യ, രാഷ്ട്രീയ, സഭാത്മകമായ വിഷയങ്ങളിലുള്ള ഗ്രാഹ്യവും അച്ചന്റെ പ്രവർത്തനങ്ങളെ ആധികാരികമാക്കുന്നു. ഇംഗ്ലീഷ്, ഹിന്ദി, ജർമൻ തുടങ്ങിയ ബഹുഭാഷാ പ്രാവീണ്യം വിശാല ജനസമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് വിഘ്നം കൂടാതെ സുവിശേഷം പ്രഘോഷിക്കാൻ അച്ചനെ സഹായിക്കുന്നു. വൈദിക പരിശീലന കാലംമുതൽ നല്ല ബാസ്ക്കറ്റ് ബോൾ കളിക്കാരനായ അച്ചൻ കഠിനാദ്ധ്വാന ശീലനാണ്. ദീർഘകാലം പൂനാ ആശ്രമത്തിലെ ലൈബ്രേറിയൻ ആയിരുന്ന കാലം മുതൽ പുതിയ പുസ്തകം കണ്ടെത്താനും വായിക്കാനുമുള്ള അഭിരുചി ദൃശ്യമായിരുന്നു. യാതൊരു പരിഭവവും ഇല്ലാതെ ഏവരെയും സമീപിക്കുകയും സർവ്വോപരി സംതൃപ്തനും സന്തോഷവാനുമായ ഡേവിഡ് അച്ചൻ സമൂഹത്തിനും സഭയ്ക്കും ഒരു മുതൽക്കൂട്ട് തന്നെയാണ്.

സമർപ്പിത ജീവിതം ഫ്രാൻസിസ് മാർപാപ്പായുടെ വാക്കുകളിൽ: "Sees God present in the world. God is enough, the rest passes away. He is our life, he is our hope, he is our future. The vision of consecrated life is what are need to embrace in order to experience Joy: Jesus." (Feast of the presentation of the Lord, 23rd world day consecrated life, 2.2.2019).

സമർപ്പിതജീവിതം തികച്ചും അതിജീവനത്തിന്റെ ആഹ്വാനമല്ല, പ്രത്യുത പുതിയ ജീവിതത്തിലേക്കുള്ളതാണ്. സന്തോഷം കണ്ടെത്താൻ നാം സ്വീകരിക്കുന്ന കാര്യങ്ങളുടെ ഒരു ദർശനമാണ്. അതിന് കാത്തിരിപ്പിന്റെ അനുഭവം ആവശ്യമാണ്. പ്രതീക്ഷയോടെ ജീവിക്കുകയാണെങ്കിൽ ജീവിതവെളിച്ചവും പ്രത്യാശയുമായ യേശുവിനെ സ്വീകരിക്കാൻ നമുക്ക് സാധിക്കുന്നു. ഫ്രഞ്ച് മിസ്റ്റിക്കും തത്വചിന്തകനുമായ സിമോൺ വെയിൽ പ്രസ്താവിക്കുന്നതുപോലെ, "വരന്റെ വരവിനായി രാത്രിയിൽ കാത്തിരിക്കുന്ന മണവാട്ടിയാണ് ഞങ്ങൾ. കൂടാതെ, ഭാവിയിലെ ഭാര്യയുടെ പങ്ക് കാത്തിരിക്കുക എന്നതാണ്... ദൈവത്തിനായി കൊതിക്കുകയും ബാക്കിയുള്ളവയെല്ലാം ഉപേക്ഷിക്കുകയും ചെയ്യുക, അതിനുമാത്രമേ നമ്മെ രക്ഷിക്കാൻ സാധിക്കുകയുള്ളു" (ദൈവത്തിനായി കാത്തിരിക്കുന്നു, മിലാൻ 1991, 196) ഭാവിയിൽ ദൈവത്തിനായി കൊതിക്കാനും ദൈവത്തിന്റെ പുതുമയിലേക്ക് ഹൃദയങ്ങളെ തുറന്നുകൊടുക്കാനും സംതൃപ്തിയോടെ സന്തോഷത്തോടെ ദൈവശുശ്രൂഷ ചെയ്യാനും ഡേവിഡ് അച്ചന് ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

# A Faithful Journey:
## Celebrating 25 Years of Grace and Commitment

**Fr. Thomas George Kochuvadakkel OIC**

The year 2024 marks a significant milestone in the life of Rev. Fr. Sajan Thomas OIC, as he celebrates the silver jubilee of his religious profession. This journey of 25 years is not just a span of time but a powerful testament to God's enduring grace and the dedication with which Fr. Sajan has embraced his call. On this joyous occasion, we reflect on his life of service, recognizing the gift that he has been to Bethany Ashram, the Church, and all those who have been touched by his presence.

### The Joy of Being Chosen

The joy of being chosen by God is a profound one. To know that despite our limitations, God sees within us the potential for greatness is both humbling and life-affirming. Fr. Sajan's call to religious life came early in his life. The youngest in his family, he answered the call to join Bethany Ashram with the zeal and eagerness that only youth can bring. His early participation in the Mar Ivanios Padyatras as a young boy made a profound impact on his spiritual journey. These pilgrimages not only inspired him but deepened his understanding of what it means to be a servant of God, sowing the seeds of his lifelong vocation. Like David, who was called from tending sheep to lead a nation, Fr. Sajan's early experiences shaped his commitment to God's mission.

### Guided by a Motto: Faithful and Available

Fr. Sajan's personal motto - "to be faithful and available" -has been the compass that has guided his religious life. His faithfulness is not merely in fulfilling the external duties of his vocation but in a profound interior commitment to his relationship with Christ. It is this steadfastness that has allowed him to serve in various roles with devotion and trust in God's plan. Being available to others is a value he strives for. Whether in his pastoral duties, academic endeavours, or administrative roles, Fr. Sajan has always tried to be present for those in need and thus be a reflection of Christ's own life of service.

### A Life of Multifaceted Service

Fr. Sajan's 25 years of religious life have been marked by a variety of roles, each one enriching his vocation in unique ways. His pastoral work has brought comfort and spiritual guidance to countless individuals, always delivered with compassion and understanding. His time as a school administrator has been transformative, combining visionary leadership with a hands-on approach to ensure that the institutions he has overseen are places of holistic growth for both students and staff.

His role as a formator, helping young men discern and embrace their religious vocations, has perhaps been one of his most impactful. Fr. Sajan's gentle wisdom, patience, and ability to inspire have left an indelible mark on those who have passed through his guidance. In his role as Provincial Procurator, his administrative acumen and attention to detail have ensured the congregation's temporal resources are wisely managed, all while keeping the mission's focus on service and faith formation.

**Spreading Joy Wherever He Goes**

To know Fr. Sajan is to know joy. His smile, always contagious, is a reflection of a soul deeply rooted in Christ's love. In community life, he has always been the spark that brings everyone together, fostering an atmosphere of inclusion, laughter, and mutual support.

His participation in the life of the congregation has always been marked by a spirit of liveliness. Fr. Sajan's ability to balance seriousness with a playful heart has allowed him to maintain harmony in his communities, making him a beloved figure among his peers. His joy is not just a personal trait but a form of ministry, lifting the spirits of all he encounters and reminding them of the beauty of religious life.

**Gratitude for His Life and Ministry**

As we celebrate the silver jubilee of Fr. Sajan's religious profession, we cannot help but give thanks to God for the gift of his life and ministry. His faithfulness, availability, and joyful spirit have been a true blessing to the Bethany Congregation and to all those he has served. His journey of 25 years has been one marked by grace, and his unwavering dedication to his call is an inspiration to us all.

We also remember his family with gratitude, acknowledging the role they played in nurturing his faith and supporting his decision to enter religious life. Their sacrifices and love have been integral to Fr. Sajan's journey, and today, we join them in celebrating this remarkable milestone.

**A Prayer for the Future**

As Fr. Sajan looks ahead to the future, we offer our heartfelt prayers for his continued journey of faith. May God's grace sustain him as he continues to serve the Church with the same faithfulness and availability that have marked his life thus far. We ask that the Holy Spirit guide him, giving him the strength and wisdom needed for the road ahead, and that he may remain a beacon of joy and inspiration to all he encounters.

May the next chapter of his journey be filled with abundant blessings, as he continues to live out his vocation with grace, love and joy.

# Celebrating 25 Years of Dedication:

## The Silver Jubilee of the First Religious Profession of Fr. Daniel Mannil OIC

**Fr. George Thomas Punnamangalam OIC**

This year marks a significant milestone in the life of Fr. Daniel Mannil OIC as he celebrates the Silver Jubilee of his First Religious Profession. A humble servant of God and a true Bethanian, Fr. Daniel has spent the last 25 years in unwavering dedication to his religious calling, serving both the Church and the communities he has been entrusted with. His journey is a testament to his faith, discipline and an exceptional blend of talents that continue to inspire those around him.

### A Life of Religious Discipline

Fr. Daniel is a man of deep faith and strong religious discipline. His commitment to the vows he took 25 years ago and his sincerity to Bethany Ashram remains steadfast. Known for his structured approach to prayer, meditation, and service, Fr. Daniel embodies Bethanian spirit of contemplation in action. Whether it's the simple rhythm of daily life or the complex challenges that come with his responsibilities, he approaches everything with a deep sense of purpose. His faith serves as the foundation for his life, allowing him to be a guiding light to both his fellow religious and the laity.

### Calm in the Midst of Storms

One of the most remarkable qualities that Fr. Daniel possesses is his calm demean or, especially in stressful situations. Over the years, he has faced many challenges, both in his missionary work, within the various roles he has undertaken in his community and in his personal life. Yet, through it all, Fr. Daniel has maintained a sense of peace and composure that has become a hallmark of his character. His ability to remain grounded in faith, while offering reassurance to those around him, speaks volumes of his spiritual maturity and wisdom.

### Pioneer of the Ethiopian Mission

Fr. Daniel is widely recognized for his pioneering spirit, particularly in the Ethiopian mission, where he was one of the first to serve. His missionary zeal has been central to his work, driven by a deep desire to share the Gospel with those in need. His time in Ethiopia was marked by resilience and creativity, as he navigated cultural, environmental, and logistical challenges to build relationships and establish a thriving Catholic community. His mission work is not just a chapter in his life but a testament to his deep commitment to evangelization and service to the marginalized which embodies the vision of our Founder – Venerable Archbishop Mar Ivanios OIC.

### A Man of Many Talents: Artistic Skills and Technological Knowledge

What sets Fr. Daniel apart is not only his spiritual wisdom but also his extraordinary talents. Known for his artistic flair, he has used his creativity in various forms infusing beauty and meaning into the lives of others. His artistic skills are an expression of his love for God's creation, transforming everyday moments into reflections of divine grace.

In addition to his artistic abilities, Fr. Daniel is also recognized for his impressive technological knowledge. At a time when technology has become an integral part of communication and learning, he has mastered the use of modern tools to further his mission. Whether it's setting up digital platforms for community outreach or utilizing innovative technology in educational projects, Fr. Daniel has continually embraced progress, ensuring that his work remains relevant and impactful in today's world.

### An Innovative Mind

Perhaps one of Fr. Daniel's most endearing qualities is his innovative mind. He has always been at the forefront of finding new and creative ways to address challenges. His ability to think outside the box has earned him a reputation as a problem solver, someone who is not afraid to try new approaches in order to serve more effectively.

### A Green Mind for a Better Future

Fr. Daniel has demonstrated a profound commitment to caring for the Earth. His actions are a living testament to Pope Francis' encyclical *Laudato Si'*, calling for the protection of our common home. This is evident from the hard work that he puts in making the surroundings of the ashram that he is a part of green and clean. His green initiatives not only preserve the environment but also inspire others to take responsibility for the world around them.

In celebrating 25 years of religious life, Fr. Daniel's journey serves as a profound example of dedication, resilience, and creativity. His blend of religious discipline, calm strength, missionary zeal, artistic talent, technological prowess, and innovation make him an exceptional figure in his religious community.

As Fr. Daniel looks to the future, his life will undoubtedly continue to be a source of inspiration for many. We celebrate his 25 years of service with gratitude, acknowledging the countless lives he has touched and the many more he will continue to guide on the path of faith.

May God bless Fr. Daniel Mannil OIC abundantly in his ongoing mission and grant him many more years of fruitful ministry.

# പ്രാർത്ഥനയോടെ, നന്ദിയോടെ

**ബോണി കെ.അലക്സ് ഒ.ഐ.സി.**

സന്ന്യാസ സമർപ്പണത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാകുമ്പോൾ എന്നെ വളർത്തി പരിപാലിച്ച ബഥനി സന്ന്യാസ സമൂഹത്തെ ഓർത്ത് ദൈവത്തിന് നന്ദിയർപ്പിക്കുന്നു.

അനേകായിരങ്ങളുടെ പ്രാർത്ഥനയാണ് എന്റെ ജീവിതത്തെ ബലപ്പെടുത്തിയതെന്ന് നിസ്സംശയം പറയാം.

സന്ന്യാസമെന്ന ജീവിത മാധുര്യത്തിലേക്ക് തെല്ലാശങ്ക കൂടാതെ എന്നെ അയച്ച വത്സല മാതാപിതാക്കന്മാരേ, സഹോദരങ്ങളേ നിങ്ങൾക്ക് നന്ദി...

പരിശീലന കാലയളവിൽ സന്ന്യാസമാർഗ്ഗം പകർന്നുതന്നെ എന്റെ ഗുരുനാഥന്മാർ,

ആദ്ധ്യാത്മികതയുടെ മധു നുകരാൻ എന്നെ പരിശീലിപ്പിച്ച ആത്മീയാചാര്യന്മാർ,

കൊണ്ടും കൊടുത്തും ചേർത്തു നിർത്തിയും പങ്കുവച്ചും ഒരുമിച്ച് വളർന്ന സഹപാഠികൾ,

സാഹോദര്യത്തിന്റെ കാണാപ്പുറങ്ങൾ പഠിപ്പിച്ച സഹോദരവൈദികർ,

അധികാരത്തിന്റെ കെട്ടുപാടികളില്ലാതെ എന്നെ ചേർത്തു നിർത്തി വളർത്തിയ, എപ്പോഴും വളർത്തുന്ന സമൂഹാദ്ധ്യക്ഷന്മാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, കൗൺസിലേഴ്സ്,

ചെന്നുവസിച്ച ആശ്രമങ്ങളിലെ അദ്ധ്യക്ഷന്മാർ,

ഏവരേയും കൃതജ്ഞതാപൂർവ്വം ഓർക്കുന്നു...

ഈ ജൂബിലി വർഷത്തിൽ എന്നെ പ്രാർത്ഥനകൊണ്ട് നിരന്തരം ശക്തിപ്പെടുത്തുന്ന, ഞാൻ ശുശ്രൂഷ ചെയ്തിരുന്ന ഇടവകയിലെ അജഗണങ്ങൾ നന്ദിയർഹിക്കുന്നു...

എല്ലാ മാസവും ഈ നിയോഗത്തിൽ പരിശുദ്ധ കുർബാന ചൊല്ലിപ്പിക്കുന്ന ഇടവകക്കാർ എന്നുമെന്റെ ജീവിതത്തിന്റെ ബലമാണ്...

അതിനോടൊപ്പം

എന്നുമെപ്പോഴും പ്രോത്സാഹനം നൽകുന്ന ഞാൻ അവസാനമായി ശുശ്രൂഷ ചെയ്തിരുന്ന വേങ്കോട് ആശ്രമത്തിലെ ബഹുമാനപ്പെട്ട ജോൺ ക്രിസ്റ്റഫർ അച്ചനും ജോർജ്ജ് തോമസ് അച്ചനും ക്ലസ്റ്റർ അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുന്നു...

സന്ന്യാസം എന്നത് ഐക്യത്തിന്റെയും സമർപ്പണത്തിന്റെയും ജീവിതമാണല്ലോ...

എന്നിൽ രൂപപ്പെട്ട ഈ ബോധ്യം ഞാൻ ശുശ്രൂഷ ചെയ്യുന്ന മേഖലയിലേക്കും വ്യാപിപ്പിക്കുവാൻ പരിശ്രമിക്കുകയായിരുന്നു. അവരിലും ഒരു ബഥാന്യൻ ജീവിതശൈലി രൂപപ്പെടുത്തുവാൻ പരിശ്രമിച്ചു...

'ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്.' എന്നെ വിളിച്ച് വേർതിരിച്ച് എന്റെ ഹൃദയത്തെ തന്റെ സ്വന്തമാക്കി തീർത്തത് എന്റെ ദൈവമാണ്. ആ പൊന്നുതമ്പുരാന്റെ പാദതാരിൽ എന്നെത്തന്നെ പൂർണമായി ഞാൻ സമർപ്പിക്കുന്നു...

ബലിവേദിയുടെ വേദനകളും നിലവിളികളും എന്റെ കൺമുമ്പിൽ ഉണ്ട്. പക്ഷേ ദൈവത്തിന്റെ അനന്തകൃപയും നിങ്ങളുടെ പ്രാർത്ഥനയും തുണയാകുമെന്ന് എനിക്കുറപ്പുണ്ട്...

സമൂഹത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു, "കർത്താവേ അങ്ങ് ഞങ്ങളിലും ഞങ്ങൾ അങ്ങയിലും സദാ വസിച്ചുകൊണ്ട് എന്നും എല്ലായിടത്തും അവിടുത്തെ ആരാധ്യമായ തിരുമനസ്സ് നിറവേറ്റി അവിടുത്തെ മഹത്വപ്പെടുത്തുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ."

അപ്രകാരം എന്റെയീ ചെറിയ ജീവിതം ധന്യമായി തീരുവാൻ ഇടയാകട്ടെ...

എന്റെ എളിയ ജീവിതത്തിലൂടെ ദൈവത്തിന്റെ നാമം മഹത്വപ്പെടുവാൻ എനിക്കുവേണ്ടി നിങ്ങൾ നിരന്തരം പ്രാർത്ഥിക്കണമേ...

ഒരിക്കൽകൂടി ഏവർക്കും എല്ലാത്തിനും നിറഞ്ഞ മനസ്സോടെ ഒരുപാട് നന്ദി...

നന്ദി...

# നിറമനസ്സോടും നന്ദിയോടും

**ഫാ. ഡേവിഡ് ഫിലിപ്പ് ഒ.ഐ.സി.**

സന്ന്യാസജീവിതത്തിന്റെ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന ഈ ഘട്ടത്തിൽ കുറേ ആഘോഷങ്ങളേക്കാളുപരി കഴിഞ്ഞ വർഷങ്ങളെ നന്ദിയോടുകൂടി ദൈവസന്നിധിയിൽ ഓർമ്മിക്കാനാണ് ഞാൻ പരിശ്രമിക്കുക.

നവസന്ന്യാസകാലഘട്ടം പിന്നിട്ട് ആലുവാ ആശ്രമത്തിൽ നിന്ന് പടിയിറങ്ങുമ്പോൾ മുതൽ ഇന്നുവരെ കാത്തുപരിപാലിക്കുന്ന സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുന്നു.

ജനനംമുതൽ ഇന്നുവരെയും പ്രാർത്ഥനകൊണ്ടും പ്രചോദനംകൊണ്ടും എനിക്ക് ശക്തി പ്രദാനം ചെയ്ത മാതാപിതാക്കൾ, സഹോദരി ദീപ്തിയും കുടുംബവും, ബന്ധുമിത്രാദികൾ... ഇവരെ നന്ദിയോടെ സ്മരിക്കുന്നു.

നവസന്ന്യാസകാലഘട്ടത്തിൽ എനിക്ക് സന്ന്യാസപരിശീലനം നൽകിയ ബ.തോമസ് റെജി ഒ.ഐ.സി. അച്ചൻ, തുടർന്നുള്ള വർഷങ്ങളിൽ പരിശീലനം നൽകിയ ഗുരുക്കന്മാർ ഇവരേയും നന്ദിയോടുകൂടി ഓർക്കുന്നു.

കഴിഞ്ഞ 25 വർഷങ്ങൾ പിന്തിരിഞ്ഞ് നോക്കുമ്പോൾ കാണുന്ന വ്യത്യസ്തമായ അനുഭവങ്ങളും ഇടർച്ചകളും ഉയർച്ചകളും എന്നെ, തുടർന്നുള്ള ജീവിതത്തിനു സഹായകമായി ഭവിക്കും എന്ന് പ്രത്യാശിക്കുന്നു.

ഈ പിൻതിരിഞ്ഞുള്ള നോട്ടവും വിലയിരുത്തലും പ്രത്യാശയുമാണല്ലോ ജൂബിലിയുടെ അടിസ്ഥാനം. ആയതിനാൽ തന്നെ വ്രതബദ്ധമായ ഈ ജീവിതം പൂർണ്ണമായി ദൈവ പരിപാലനയ്ക്കായി വീണ്ടും സമർപ്പിക്കുന്നു.

എന്റെ സമയവും കഴിവുകളും ആരോഗ്യവും ജീവനും, സമൂഹത്തിന്റെ നന്മയ്ക്കും ശുശ്രൂഷയ്ക്കും ക്ഷേമത്തിനുമായി സമർപ്പിക്കുന്നു.

“അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു. എളിയവർക്ക് അത് അറിവു പകരുന്നു” (സങ്കീ.119:130).

# നന്ദിയല്ലാതെന്തുചൊല്ലും ഞാൻ...

**ഫാ. ഡാനിയേൽ മണ്ണിൽ ഒ.ഐ.സി.**

"ഞാൻ കൃതജ്ഞതാസ്തോത്രങ്ങളാലപിച്ച് അങ്ങേക്ക് ബലി അർപ്പിക്കും. ഞാൻ എന്റെ നേർച്ചകൾ നിറവേറ്റും" (യോനാ 2:9).

സന്ന്യാസ സമർപ്പണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ പൂർത്തിയാക്കിയ ഈ വേളയിൽ കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷം ഒരു സമർപ്പിതനായി ബഥനി സന്ന്യാസി സമൂഹത്തിൽ ജീവിക്കാൻ കഴിഞ്ഞത് ദൈവത്തിന്റെ മഹാകരുണയാലാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ''ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്'' എന്ന് വിശുദ്ധ പൗലോസ് ശ്ലീഹായെപ്പോലെ വിനീതനായി ഞാനും ഏറ്റുപറയുന്നു. ഇന്ന് ഞാൻ എന്തായിരിക്കുന്നുവോ അത് ബഥനി ആശ്രമത്തിലൂടെ രൂപപ്പെടുത്തി എടുത്തതാണ്. ബഥനിയിലെ ജേഷ്ഠ സഹോദരന്മാരും സതീർഥ്യരും അനുജന്മാരും രൂപപ്പെടുത്തലിൽ ഒപ്പമുണ്ടായിരുന്നവരാണ്. ഭവനത്തിൽ നിന്നും ലഭിച്ച ആത്മീയതയും ജീവിത മൂല്യങ്ങളും ബഥനിയെന്ന വിശാലമായ കുടുംബത്തിന്റെ ഭാഗമായപ്പോൾ കൂടുതൽ ആഴപ്പെടുത്തുന്നതിനും ജീവിതത്തിന്റെ ഭാഗമാക്കുന്നതിനും കഴിഞ്ഞ കാലയളവിൽ സാധിച്ചു. എന്റെ കഴിവിനും യോഗ്യതയ്ക്കും അറിവിനും അപ്പുറം ഏറെ പരിഗണനയും അവസരങ്ങളും ബഥനി തന്നിട്ടുണ്ട്. ഒരു വൈദികനാകണം എന്ന സ്വപ്നത്തിനു ബഥനി ആശ്രമത്തിലൂടെ സന്ന്യാസവൈദികൻ ആയിത്തീരാം എന്നൊരു പുതിയ ചിന്തയും വഴിയും കാട്ടിത്തന്ന ബഹു.ജോഷ്വാ കുറ്റിയിലച്ചനെയും ബഹു.ജോൺ ഇലവിനാകുഴിയച്ചനെയും നന്ദിയോടെ ഓർക്കുന്നു. സന്ന്യാസ നവശിഷ്യഗുരു ബഹു.തോമസ് റെജി പടിഞ്ഞാറ്റേമേലേതിലച്ചൻ ആത്മീയ പിതാവായിരുന്നു. ബഹു.ലോറൻസ് തുരുത്തിയിലച്ചൻ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. ബഥനി ആശ്രമത്തിന്റെ ചൂടും ചൂരുമുള്ള സന്ന്യാസിയായി മരണംവരെ ജീവിക്കാൻ സർവശക്തൻ ഇടയാകട്ടെ.

ഏവരുടെയും പ്രാർത്ഥനകൾക്കും ആശംസകൾക്കും, കൂടെ കൂട്ടിയതിനും കൂടെ നടക്കുന്നതിനും നന്ദി.

# നന്ദി - വഴി നടത്തിപ്പിനും വഴി കാട്ടലിനും

**ഫാ. സാജൻ തോമസ് ഒ.ഐ.സി.**

കർത്താവേ, "അങ്ങാണ് എന്റെ രക്ഷാശിലയും കോട്ടയും വിമോചകനും, എന്റെ ദൈവവും എനിക്ക് അഭയം തരുന്ന പാറയും എന്റെ പരിചയും രക്ഷാശൃംഗവും അഭയകേന്ദ്രവും" (സങ്കീ 18:2). ഒരു സമർപ്പിതനായി, കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷം ബഥനി സന്ന്യാസി സമൂഹത്തിലൂടെ ശുശ്രൂഷ ചെയ്തു ജീവിക്കുവാൻ സാധിച്ചത് ദൈവം എന്റെ കോട്ടയും അഭയവും ആയി നിലയുറപ്പിച്ചതുകൊണ്ടു മാത്രമാണ്. 'ചില്ലിക്കാശിന്റെ' മൂല്യത്തേയും 'മൺപാത്രങ്ങളിലെ നിധിയെയും' പരിപാലിക്കുന്ന ദൈവം, ബഥനിയിലെ എന്റെ സന്ന്യാസവിളിയെയും ഏറെ കരുതലോടെ പരിപാലിക്കുന്നു... ദൈവമേ... അങ്ങേയ്ക്ക് നന്ദി...

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള തീർത്ഥാടന പദയാത്രകളിലാണ് ആദ്യമായി ബഥനിയെ അകലെനിന്ന് അറിഞ്ഞുതുടങ്ങിയത്. തുടർന്ന് അത് ബഥനിയോടുള്ള പ്രണയമായി വളരുകയായിരുന്നു. ചുരുക്കത്തിൽ തീർത്ഥാടനപദയാത്ര, ബഥനിയിലേക്കുള്ള യാത്രയുടെ ആദ്യചുവടുവയ്പായിരുന്നു. വഴിയറിയുന്നവൻ മുൻപേ നടക്കുമ്പോൾ, ഞാൻ എന്തിനു ഭയപ്പെടണം ചങ്ങാതി...

കുഞ്ഞോളങ്ങളുടെ സംഗമമായ് തിരകൾ സമുദ്രത്തിന്റെ വശ്യതയ്ക്കു വഴിയൊരുക്കുന്നതുപോലെ, എന്റെ ചെറുജീവിതത്തെ മലങ്കരയുടെ സുകൃതമായ ബഥനി സന്ന്യാസ പ്രസ്ഥാനത്തോടു ചേർത്തുവയ്ക്കുവാൻ സാധിച്ചത് അനുഗ്രഹമായും അഭിമാനമായും കരുതുന്നു.

ബഥനി ആശ്രമത്തോട് എന്നും കടപ്പാടുകൾ മാത്രം; എന്നെ സ്വീകരിച്ച നാൾ മുതൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും വളർത്തുവാനും പ്രോത്സാഹിപ്പിക്കുവാനും തിരുത്തുവാനും-ചേർത്തുനിർത്തുവാനും എന്നെ മനസിലാക്കുവാനും എന്നും ബഥനി എന്നോടൊപ്പമുണ്ടായിരുന്നു. ബഥനി സന്ന്യാസി സമൂഹത്തിന്റെ നേതൃത്വനിരയോടു ചേർന്ന് എന്നെ രൂപപ്പെടുത്തിയ വന്ദ്യ ഗുരുക്കന്മാരോടും സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ ബഥാന്യരോടും നന്ദി...

ജന്മം നൽകി ദൈവാശ്രയബോധത്തിൽ വളർത്തിയ മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, ഉപകാരികൾ, അവരുടെ വിലയേറിയ പ്രാർത്ഥനകൾ, പ്രോത്സാഹനങ്ങൾ വഴിവിളക്കായും ദാഹജലമായും ജീവിതയാത്രയിൽ ദൈവം എനിക്കുവേണ്ടി ഒരുക്കി നിർത്തിയവർ ആയിരുന്നു അവർ ഓരോരുത്തരും. വ്യത്യസ്തങ്ങളായ ശുശ്രൂഷ മേഖലകളിൽ കണ്ടുമുട്ടിയവരും ഒപ്പം പ്രവർത്തിച്ചവരും; ജീവിതപാഠം കൂടുതൽ ശ്രദ്ധയോടെ വായിക്കാൻ പ്രേരിപ്പിച്ച അനുഭവങ്ങൾ; കണ്ടുമുട്ടലിനും എല്ലാറ്റിനും നന്ദി...

ദൈവത്തിന്റെ കരംപിടിച്ച് ഈ യാത്ര തുടരേണ്ടതുണ്ട്, അവിടുന്ന് നിശ്ചയിക്കുന്ന നാൾ വരെ, മുന്നോട്ട് പോകുവാനുള്ള കൃപയ്ക്കായ് യാചിക്കുന്നു. "സ്നേഹമേറിയ പിതാവേ, പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും നിന്നെ സേവിക്കാൻ എന്നെ അഭ്യസിപ്പിക്കണമേ. സ്വാർത്ഥപരമായ ചിന്തകൾ അശേഷം വെടിഞ്ഞ് എന്നെ നിനക്ക് തരുവാൻ എന്നെ അഭ്യസിപ്പിക്കണമേ..." (മാർ ഈവാനിയോസ് സന്ന്യാസ ജീവിത സഹായി).

# ചില ഓർമ്മപ്പെടുത്തലുകൾ

**ഫാ. വർഗ്ഗീസ് തൈക്കൂട്ടത്തിൽ ഒ.ഐ.സി**

**ആമുഖം**

ആബോ ഗീവറുഗീസ് ജീവിതംകൊണ്ടും സമർപ്പണംകൊണ്ടും സാക്ഷ്യംകൊണ്ടും നമ്മെ പഠിപ്പിച്ച ചില നിത്യസത്യങ്ങൾ. അവ പൂർണ്ണമായും നമുക്കാണ്, മറ്റാരേയുംകാൾ ബഥനിക്കാണ് നൽകപ്പെട്ടിട്ടുള്ളത്. ഈ സത്യങ്ങൾ പ്രധാനമായും മൂന്ന് അടിസ്ഥാന സമർപ്പണ മൂല്യങ്ങളിൽ അധിഷ്ഠിതമാണ്. 1. ആത്മീയുടെ ആത്മാവ് ശാന്തതയാണ്, 2. ആത്മീയതയുടെ ശക്തി ഭക്തി ജീവിതമാണ്, 3. ആത്മീയതയുടെ ഉൾക്കാഴ്ചകൾ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ലഭിക്കുന്നതാണ്. ആബോ ഗീവറുഗീസിന്റെ ജീവിതം, തീക്ഷ്ണവിശ്വാസത്തിന്റെ പാറയിൽ ഉറപ്പിക്കപ്പെട്ടതും പരീക്ഷണങ്ങളിൽ പതറാത്തതുമായിരുന്നു. ആരാധനയിൽ അനുഭൂതി കണ്ടെത്തിയ ആത്മീയ ദർശനമായിരുന്നു ആ ജീവിതത്തിന്റെ മഹത്വം. അതേ വെല്ലുവിളികളും ഉത്തരവാദിത്വങ്ങളും സാക്ഷ്യവും ഇതിന്റെ പൂർണ്ണതയിൽ പാലിക്കപ്പെടുവാനും പങ്കുവയ്ക്കപ്പെടുവാനുമുള്ള ക്ഷണമാണല്ലോ ബഥാന്യർക്കുള്ളത്.

ധന്യൻ മാർ ഈവാനിയോസ് തിരുമേനിയുടെ 71-ാം ഓർമ്മപ്പെരുന്നാളിന് സഭ തന്നെ ത്തന്നെ സജ്ജമാക്കുന്ന ദിനങ്ങൾ. ഓർക്കാൻ അനേകം കാര്യങ്ങൾ ഉള്ളതുകൊണ്ടാണല്ലോ ഓർമ്മ സജീവമാവുക. കത്തോലിക്കാ തിരുസഭ വന്ദ്യപിതാവിനെ 'ധന്യൻ' പദവിയിലേക്ക് ഉയർത്തിയതിനുശേഷമുള്ള ഈ ഓർമ്മപ്പെരുന്നാൾ, സഭയായി ദൈവത്തിന് നന്ദി അർപ്പിക്കാനും ഒപ്പം കൂടുതൽ ആർജ്ജവത്തോടെ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കാനും വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം പ്രത്യേകം യാചിക്കാനുമുള്ള അവസരമാണ്. ധന്യൻ മാർ ഈവാനിയോസ്, ആബോ ഗീവറുഗീസ് ബഥനിയുടെ ആശ്രമസാക്ഷ്യത്തിന് രൂപം നൽകാൻ താൻ തിരഞ്ഞെടുത്ത ചില അടിസ്ഥാനപരമായ നിത്യസത്യങ്ങൾ ഒരിക്കൽകൂടി ഓർക്കാനും ഓർമ്മിപ്പിക്കാനും ഞാൻ ആഗ്രഹിക്കുന്നു. വിഷയത്തിൽ പുതുമയൊന്നും തന്നെ ഉണ്ടാകണമെന്നില്ല. വിഷയം പുതുമ ഉള്ളതാവുക, ജീവിക്കുന്ന കാലഘട്ടവുമായി ബന്ധപ്പെടുത്തി വിഷയത്തെ വിചിന്തനം ചെയ്യുമ്പോഴാണല്ലോ. ഒപ്പം കാലഘട്ടത്തിന്റെ വെല്ലുവിളികൾ പ്രത്യേകിച്ച് സന്ന്യാസ സമർപ്പണത്തിന്റെ പിൻബലത്തിൽ സ്വാംശീകരിക്കുമ്പോഴാണല്ലോ വിഷയം ജീവൽ ഗന്ധിയാവുക.

**1. ആത്മീയുടെ ആത്മാവ് ശാന്തതയാണ്**

ആത്മീയതയുടെ ആത്മാവ് ശാന്തതയാണ്. ജീവിക്കുന്ന കാലഘട്ടത്തിൽ ഏറ്റം അനിവാര്യമായി കാത്തുസൂക്ഷിക്കേണ്ട ഒരു സമർപ്പണമൂല്യം. ഇനിയും എന്താണ് ശാന്തത എന്നു പറഞ്ഞ് ആരെയും പഠിപ്പിക്കേണ്ടതില്ല. നമുക്ക് സുപരിചിതമായ ഒരു വാക്യം 'ശാന്തമാവുക ഞാൻ ദൈവമാണെന്ന് അറിയുക' - താൻ ദൈവമാണെന്ന് അറിയാനുള്ള സമർപ്പണ ജീവിതത്തിലെ അടിസ്ഥാനമൂല്യം. അത് അനുഷ്ഠിക്കാനും അനുഭവിക്കുവാനുമുള്ള തീവ്രമായ പരിശ്രമം അനിവാര്യമാണ്. ഭാരതസന്ന്യാസത്തിന്റെ ആത്മാവ് ശാന്തത തന്നെ. ദൈവികമൂല്യങ്ങളെ അറിയാനും അനുകരിക്കാനും സായത്തമാക്കാനുമുള്ള അഭിവാഞ്ചയാൽ പ്രേരിതരായി സകലവും ഉപേക്ഷിക്കുന്ന, ശാന്തത തേടുന്ന ഭാരതമുനിശ്രേഷ്ഠരുടെ നീണ്ടകാലത്തെ ജീവിതസാക്ഷ്യം ഇതിന് ഉത്തമമായ ഉദാഹരണം. ദൈവത്തെ അറിയണമെങ്കിൽ

നാം ശാന്തരായിരിക്കണം. അകത്തും പുറത്തും ഒരുപോലെ ശാന്തതയുടെ ആത്മാവ് നമ്മെ ഭരിക്കണം. അകത്തും പുറത്തും ഇന്ന് ഒരുപോലെ ശാന്തതയുടെ ആത്മാവിനെ കാർന്നുതിന്നുന്ന മാരകമായ രീതിയിലുള്ള കൊട്ടിഘോഷിക്കപ്പെടുന്ന 'ബഹളത്തിൽ' ദൈവം ഇല്ലെന്നു സാരം. ആബോ ഗീവർഗീസ് നമ്മെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു, രാജാക്കന്മാരുടെ പുസ്തകം 19-ാം അദ്ധ്യായം 11 മുതൽ 14 വരെയുള്ള വാക്യങ്ങൾ. ഹോറേബിൽ യഹോവയെ കാത്തിരിക്കുന്ന ഏലിയായെപ്പോലെ മലകളുടെ ഉന്നതങ്ങളിൽ കൂട് കൂട്ടാനുള്ള ആഹ്വാനം. കൊടുങ്കാറ്റിൽ ദൈവമില്ല, പേമാരിയിൽ ദൈവമില്ല, ഇടിമിന്നലിൽ ദൈവമില്ല, ദൈവമുള്ളത് ശാന്തതയിലാണ് (a gentle breeze). അതേ അവിടെയാണ് ദൈവത്തിന്റെ മുഖം ഏലിയ ദർശിക്കുന്നത്. ഹൃദയത്തിന്റെ കവാടങ്ങൾ പൂട്ടി ഉള്ളിലേക്ക് കടന്ന് അവിടെ ദൈവത്തെ കാണാനും ദൈവാനുഭവം സ്വന്തമാക്കുവാനുമുള്ള ക്ഷണം ഉപനിഷത്ത് പഠിപ്പിക്കുന്നു. 'Discover the Divine Space in you' എന്നാണല്ലോ ഉപനിഷത്തും പഠിപ്പിക്കുക. ബഥനിയെ സംബന്ധിച്ച് ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 71-ാം ഓർമ്മയാചരണം ശാന്തമായി, സ്വസ്ഥമായി ഉള്ളിലേക്ക് തിരിയാനും സമർപ്പണ അസ്തിത്വത്തിന്റെ ആത്മാവിനെ ഉള്ളിൽനിന്ന് തിരിച്ചറിഞ്ഞ് ജീവിക്കാനുള്ള വെല്ലുവിളി സ്വീകരിക്കാനുള്ള ആഹ്വാനമാണ്. നാം ശാന്തരായി ദൈവത്തെ സ്വന്തമാക്കുന്നില്ലെങ്കിൽ ഈ കെട്ടിപ്പടുക്കുന്ന ഭൗതിക രാജ്യം ഒരു ചില്ലുകൊട്ടാരംപോലെ തകരും എന്ന് ജീവിതംകൊണ്ട് നമ്മെ ഓർമ്മിപ്പിക്കുന്നു ധന്യൻ മാർ ഈവാനിയോസ്.

**2. ആത്മീയതയുടെ ശക്തി ഭക്തി ജീവിതമാണ്**

രണ്ടാമതായി ആ വർഷത്തെ ഓർമ്മപ്പെരുന്നാൾ നമ്മെ പഠിപ്പിക്കുന്ന പാഠം 'ആത്മീയതയുടെ ശക്തി ഭക്തിജീവിതം' എന്നതുതന്നെ. ഇന്ന് ഏറ്റവുമധികം ചൂഷണം ചെയ്യപ്പെടുന്ന ആത്മീയശക്തിയാണ് ഭക്തിയും ഭക്തിയോട് അനുബന്ധിച്ച് നടത്തുന്ന നല്ലൊരു ശതമാനം ആത്മീയ കാര്യങ്ങളും. ഭക്താഭ്യാസങ്ങളും ഭക്തിജീവിതവും തമ്മിൽ കൂട്ടിക്കുഴച്ച് ആത്മീയ ജീവിതത്തെ വിഴുങ്ങുന്ന സമീപനങ്ങൾ സഭയിലും സമൂഹത്തിലും ഒരുപോലെ അതിരുകടന്ന് ആഘോഷിക്കുന്ന ഈ കാലത്ത് ധന്യൻ മാർ ഈവാനിയോസ് നമ്മെ ഓർമ്മിപ്പിക്കുന്നത് ഭക്താഭ്യാസങ്ങളെ അതിലംഘിക്കുന്ന ഭക്തിജീവിതത്തിനാണ്. എന്നാൽ ഭക്താഭ്യാസങ്ങളിൽ മാത്രം രമിക്കുന്നവരുടെ സംഖ്യ അതിരുകടന്ന് ഭക്തിജീവിതം അന്യമായി മാറുന്നു. അനുഷ്ഠാന ആത്മീയത പ്രഘോഷിക്കപ്പെടുകയും ജീവിക്കുകയും എന്നാൽ ഭക്തിജീവിതം വിസ്മരിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ. ഇവിടെയാണ് വേദപുസ്തകത്തിലെ ഒറ്റകാര്യം വിശുദ്ധ മറിയം തെരഞ്ഞെടുത്തത് നമ്മുടെ നാഥൻ അനുസ്മരിക്കുക. ആബോ ഗീവറുഗീസിന് ബഥനി സ്ഥാപനത്തിലൂടെ സത്യത്തിൽ ഭക്തി ജീവിതവും ഭക്താഭ്യാസങ്ങളും പരസ്പര പൂരകങ്ങളല്ല മറിച്ച്, രണ്ടും ഒന്നാണെന്ന് ജീവിതംകൊണ്ട് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഭക്താനുഷ്ഠാനങ്ങളുടെ ആത്മാവ് ഭക്തിജീവിതത്തിലൂടെ സ്വന്തമാക്കിയവനാണ് ധന്യൻ മാർ ഈവാനിയോസ്. നമ്മുടെ സഭയിലാണെങ്കിലും സമൂഹത്തിലാണെങ്കിലും ഇന്ന് പ്രാധാന്യം നൽകി നാം ജീവിക്കാൻ ശ്രമിക്കുക അനുഷ്ഠാനത്തിന്റെ കാർക്കശ്യത്തിനോ ഭക്തിജീവിതത്തിന്റെ ആത്മീയ അനുഭവങ്ങൾക്കോ? സ്ഥാപകപിതാവിന്റെ 71-ാം സ്വർഗ്ഗപ്രവേശനത്തിന്റെ ഓർമ്മയാചരണം നമ്മിലെ അവിഭക്തമായ, മുറിക്കപ്പെടാത്ത അനുഷ്ഠാനപരതയിൽ മാത്രം 'മനഃസുഖം' കണ്ടെത്തുന്ന സമർപ്പണരീതിയെ ആഞ്ഞുപുൽകാതെ ഭക്തിജീവിതത്തിന് കർമ്മംകൊണ്ട്, ചിന്തകൊണ്ട്, പഠിപ്പിക്കൽകൊണ്ട് സാക്ഷിയാകാനല്ലേ. വെല്ലുവിളി സ്വീകരിക്കാൻ ഒരുക്കം ഉണ്ടെങ്കിൽ സഭയായും സമൂഹമായും നിലനിൽപ്പ് ഉണ്ട്.

അല്ലെങ്കിൽ അധികം വൈകാതെതന്നെ നാം അന്യമാകും എന്നത് സത്യം. നീണ്ട കാത്തിരിപ്പിന് ആവശ്യമില്ലെന്ന് സാരം.

**3. ആത്മീയതയുടെ ഉൾക്കാഴ്ചകൾ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും മാത്രം**

മൂന്നാമതായി ആബോ ഗീവർഗീസ് നമ്മെ ഓർമ്മിപ്പിക്കുന്ന സത്യം 'താൻ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഉൾക്കാഴ്ചകൾ ലഭിച്ചവൻ ആണെന്നതുതന്നെ. തന്റെ പഠിപ്പിക്കലും ജീവിതസാക്ഷ്യവും പങ്കുവയ്ക്കലുമെല്ലാം ഈ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും തനിക്ക് ലഭിച്ച സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ പച്ചയായ അവതരണങ്ങൾ മാത്രമായിരുന്നു. ആണ്ടുവട്ടത്തിൽ മൂന്നിലൊന്ന് സമയം നോമ്പും ഉപവാസവും നമ്മുടെ സഭയുടെ അനന്യമായ ശ്രേഷ്ഠത തന്നെ. എന്നാൽ നാം നടത്തുന്ന ഉപവാസദിനങ്ങൾ പ്രാർത്ഥനാദിനങ്ങൾ നമുക്ക് എത്രമാത്രം ആത്മീയ ഉത്കർഷവും, ആത്മീയ സുഖവും നേടിത്തരുന്നുണ്ട്. വെറും 40 ദിവസത്തെ പ്രാർത്ഥന ഉപവാസ ജീവിതത്തിലൂടെ മോശയും ഏലിയായും ക്രിസ്തുവും അതിനുശേഷം നമ്മുടെ സഭയിലെ ആയിരക്കണക്കിന് 'ഉപവാസ പ്രാർത്ഥന സാക്ഷികൾക്കും' ഉൾക്കാഴ്ച ലഭിച്ച ചരിത്രം നമ്മുടെ സഭയുടെ ബലമല്ലേ. നമ്മുടെ ഇത്രയും നാളത്തെ ഉപവാസജീവിതംകൊണ്ട് നാം നേടിയത് എന്താണ്. യേശുവിന്റെ 40 ദിവസത്തെ ഉപവാസം കൊണ്ട് സുവിശേഷങ്ങളിൽ നാം വായിക്കുന്ന ലോകത്തെ, ധനത്തെ, അധികാരത്തെ അതിജീവിക്കുന്നതിൽ നാം എത്രമാത്രം വിജയിക്കുന്നുണ്ട്. ആത്മീയ ജീവിതത്തിൽ തന്നെ ചേരാത്ത രീതിയിലുള്ള അതിര് കടന്ന ഈ വിഷയങ്ങളിലുള്ള സ്വന്തമാക്കൽ സമൂഹത്തെയും സഭയെയും വ്യക്തികളെയും ഇന്ന് തകർക്കുന്നില്ലെ? ഇവ മൂന്നും നശ്വരമാണെന്ന ഉൾബോധ്യം, വെളിപാട് നമ്മിൽ എത്രപേർ സ്വന്തമാക്കിയിട്ടുണ്ട്?

ധന്യൻ മാർ ഈവാനിയോസിന്റെ, ആബോ ഗീവർഗീസിന്റെ ജീവിത വിജയത്തിന്റെ അടിസ്ഥാന ശിലകങ്ങളായി നിലനിന്ന മറ്റുചില ജീവിതസത്യങ്ങളുമുണ്ട്. അവ സമൃക്കായി ഇപ്രകാരം നമുക്ക് ഉൾക്കൊള്ളാൻ ശ്രമിക്കാം. തീക്ഷ്ണ വിശ്വാസത്തിന്റെ പാറയിൽ ഉറപ്പിക്കപ്പെട്ട ജീവിതം, പരീക്ഷണങ്ങളിൽ പതറാത്ത സമർപ്പണസാക്ഷ്യം, ആരാധനയിൽ അനുഭൂതി കണ്ടെത്തിയ അനുദിനജീവിതം, നിഷ്ഠാജീവിതത്തിന്റെ ഉത്തമസാക്ഷ്യം. ഇവ ഓരോന്നിനെ പറ്റിയും ധാരാളം പഠനവും മനനവും ആവശ്യമാണ്. വിശദീകരിക്കാൻ ശ്രമിക്കാതെ അവ സ്വന്തമാക്കാനുള്ള ഉൾവിളിയാണ് ഈ വർഷത്തെ ഓർമ്മയാചരണം നമുക്കു നൽകുക. നമ്മുടെ ജീവിതം ധന്യമാകണമെങ്കിൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ വിളങ്ങിയ അടിസ്ഥാനപരമായ ആത്മീയസത്യങ്ങൾ എന്തു വില കൊടുത്തും നേടിയെടുക്കാൻ നാം തയ്യാറാകണം എന്ന് ചുരുക്കം. അല്ലെങ്കിൽ ധന്യൻ മാർ ഈവാനിയോസ് ബഥനിക്കാരായ നമ്മെ ഓർമ്മപ്പെടുത്തുന്ന സത്യം, "ആദ്യം ഉണ്ടായിരുന്ന ചൈതന്യം നീ കളഞ്ഞുകുളിച്ചു. ഏതവസ്ഥയിൽനിന്നാണ് അധഃപതിച്ചവനെന്ന് ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക" (വെളി.2:4-5). അതെ, ധന്യൻ പദവിയോടൊപ്പം നമ്മുടെ സ്ഥാപകന്റെ ഓർമ്മ നാം അനുസ്മരിക്കുമ്പോൾ ഉറവകകളിലേക്ക് പിന്തിരിയാനും, അതിൽ നിന്ന് ആവോളം പാനംചെയ്ത് ജീവിക്കാനും നമ്മെ ഓർമ്മപ്പെടുത്തുന്നു. പിതാവിന്റെ മാദ്ധ്യസ്ഥവും പ്രാർത്ഥനയും ഇവ സ്വന്തമാക്കാൻ നമ്മെ സഹായിക്കും.

# The Silver Jubilee logo of Bethany Navajyothy Province

## Mountains:

Mundanmala Christ always climbs mountain before his decisions.

## River:

Sojourn of Mar Ivanios flowing water symbolising 25 years of growth from Kakkattu river to Periyar river.

## Flame:

Points towards the Risen Christ

## Light:


Bible theme Mathew 5: 14-16

"You are the light of the world. A city built on a hill cannot be hid. 15 People do not light a lamp and put it under the bushel basket; rather, they put it on the lampstand, and it gives light to all in the house. 16 In the same way, let your light shine before others, so that they may see your good works and give glory to your Father in heaven.

Interpretation = Imitation of Christ is walking in the light of the Lord.
Let there be light our mission is creation of light anew.
We as a community is always on the threshold of creation.

Motto = United in Vision, Committed in Charism.

# BRO. CAMILLUS KADIYANKUNNIL OIC
# 1958-2024



Bro. Camillus Kadiyankunnil OIC was a simple person, unaffected by the complexities and materialism that surrounded him.
He found joy in worship and work.
He valued relationships over possessions, experiences over status.
He lived with humility and gratitude, finding beauty in the ordinary and peace in the present moment.
His simplicity was a source of strength and authenticity, guiding him through his life with grace.